പുസ്തകം 4.　　1129 കന്നി.　　ലക്കം 6.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം.

(ദേവർഷി നാരദ വിരചിത ഭക്തിസൂത്രം)

### പ്രേമസ്വരൂപമായ ഭക്തിയുടെ സ്വരൂപം.

(വി. എൻ. പരമേശ്വരൻ നമ്പൂതിരി)

(തുടച്ച)

മധുരയിലെ കുലാംഗനമാർ ഗോപസ്ത്രീകളുടെ ദശാവിശേഷങ്ങളെ വർണ്ണിച്ചുകൊണ്ടു് അവരുടെ ജീവിതം ബഹുധന്യമെന്നു് അഭിപ്രായപ്പെട്ടു. അവർ സാസൂയം വീണ്ടും പറയുന്നു:—

യാദോഹനേ/വഹനനേ മഥനോപലേപ-
പ്രേങ്ഖേങ്ഖനാൎഭ രുദിതോക്ഷണമാർജ്ജനാദൌ
ഗായന്തി ചൈനമനുരക്തധിയോ/ശ്രുകണ്ഠ്യോ
ധന്യാ വ്രജ സ്ത്രീയ ഉരുക്രമചിത്തയാനാഃ.

(ശ്രീമൽഭാഗവതം 10—44—15)

"യാതൊരു ഗോപികമാർ പശുക്കളെ കറക്കുമ്പോഴും, ധാന്യാദികൾ കുത്തി വെടുപ്പാക്കുന്ന സമയത്തും, തയിർ കലക്കുമ്പോഴും, മുററം മെഴുകി വെടുപ്പാക്കുമ്പോഴും, ബാലന്മാരെ തൊട്ടിലിൽ കിടത്തി ആട്ടിയുറക്കുമ്പോഴും, കരയുന്ന കുട്ടികളെ താരാട്ടുപാടി സമാശ്വസിപ്പിക്കുമ്പോഴും, വീടുകൾ അടിച്ചു തളിക്കുമ്പോഴും പ്രേമപൂർണ്ണമായ ചിത്തത്തോടുകൂടി ബാഷ്പപൂർണ്ണാക്ഷികളായി ഗൽഗദാക്ഷരങ്ങളോടുകൂടി ശ്രീകൃഷ്ണന്റെ ഗുണഗണഗാനപ്രകീർത്തനം ചെയ്യുന്നു! ജഗന്മോഹനിൽ ചിത്തനിവേശം ചെയ്തവരായ ഗോപരമണിമാർ ബഹുധന്യകൾ തന്നെ!!"

ഈ ഗോപികമാരുടെ മാഹാത്മ്യത്തെക്കുറിച്ചു് എത്ര വർണ്ണിച്ചാലും അതിന്റെ ശതാംശമെങ്കിലും പൂർണ്ണമാകുന്നതല്ല. സർവ്വസം

ഗപരിത്യാഗം ചെയ്ത വ്രജവാസികളായ ഭക്തന്മാർ ഗോപികമാരുടെ പദപങ്കജപരാഗമായിത്തീരുവാൻ പോലും ആഗ്രഹിക്കുന്നു ! വാസ്തവമാണു്:—

ജലധരാധി വളത്തിടുമാനിറം
കലരുമീഹരിയെ ഹൃദിനിത്യവും
നലമണിഞ്ഞു നടപ്പൊരു ഗോപിമാർ
കലമഹത്വമതാക്ക് കഥിച്ചിടാം !

മഹാത്മാവായ ശ്രീ ചൈതന്യദേവനേപ്പോലുള്ള മഹാത്യാഗികളായ മഹാപുരുഷന്മാർ വ്രജസുന്ദരിമാരുടെ പ്രേമമാഹാത്മ്യത്തിന്റെ മഹത്വം മനസ്സിലാക്കീട്ടുണ്ടു്. അത്തരം ഒരു മഹാൻ പറയുന്നു:—

അന്യോന്യം ദൃഢമുപഗ്രഹനംചെയ്തുപ്രേമ-
ജന്യമാമാനന്ദത്തിലാറാടി യധീരരായ്
ഗാനലോലരായ്മേവും മുരളീധരപ്രിയ-
ഗോപനാരികൾ പ്രേമമാഹാത്മ്യദർശികളല്ലൊ!
കേവലാകാരൻതന്റെ പ്രാണനായ്പ്രശോഭിക്കു-
മീവ്രജാംഗനമാരെ വാഴ്ത്തുന്നുമുനിമാരും!

വ്രജവാസിയായ മറെറാരു ഭക്തൻ അഭിപ്രായപ്പെടുന്നു:—

പ്രാണനു തുല്യമിവരീവ്രജനാരിമാർ ശ്രീ-
ഗോവിന്ദനിന്ന, നിതരാഭവഹിച്ചിട്ടന്നോർ
എന്തെന്തനീതികൾ നടത്തിയതില്ല? വീണ്ടും
നന്ദ്യാസ്മരിപ്പുയിവർതൻ ചരിതത്തെലോകം!
നിർമ്മത്സരംമുനിഗണങ്ങൾ മുടിക്കുചാർത്തു-
ന്നിമ്മാന്യമാക്കെഴുമൊരാപ്രണയപ്രവാഹം
നൈർമ്മല്യമാന്നതിചെയ്തിടുവോക്ക്പോലും
നിർമ്മായമച്യുതനനുഗ്രഹമേകമല്ലോ!

യോഗവിഷയങ്ങൾ പരിശീലിച്ചു വൈരാഗ്യം പൂണ്ടു് പ്രേമപഥത്തിൽക്കൂടി കുറച്ചു മുന്നോട്ടുപോകുമ്പോൾ ഗോപികമാരുടെ മഹിമാതിശയത്തെക്കുറിച്ചു മനസ്സിലാക്കുവാൻ കഴിയുന്നതാണു്.

സൂത്രം:— 22. തത്രാ പി ന മാഹാത്മ്യജ്ഞാനവിസ്മൃത്യപവാദഃ.

മേൽപ്പറഞ്ഞ ഭക്തിയുണ്ടായതിന്നുശേഷം ഭഗവന്മഹിമയെ മറക്കുന്നതായാൽക്കൂടി ദോഷമില്ല.

അതായതു് ഗോപികമാർ ഭഗവാൻ ശ്രീകൃഷ്ണന്റെ പ്രഭാവം

രഹസ്യം, ഗുണങ്ങൾ ഇവയെക്കുറിച്ച് അറിഞ്ഞിരുന്നു എന്നു സാരം. പ്രേമത്തെസ്സംബന്ധിച്ചേടത്തോളം മാഹാത്മ്യജ്ഞാനമുണ്ടായിരിക്കയില്ല; മാഹാത്മ്യജ്ഞാനമുണ്ടെങ്കിൽ പ്രേമമുണ്ടായിരിക്കില്ല എന്നു ചില ആളുകൾ പറയുന്നു. എന്നാൽ ഗോപികമാരുടെ വിഷയത്തിൽ ഈ സംഗതി ശരിയല്ല. ഗോപികമാർ ശ്രീകൃഷ്ണനെ സാക്ഷാൽ ഭഗവാൻ പുരുഷോത്തമനാണെന്നുതന്നെ മനസ്സിലാക്കി തങ്ങളുടെ പ്രിയതമനായി ഗണിച്ചിരുന്നു. ലൌകികപ്രേമത്തിന്നും ഭഗവൽ പ്രേമത്തിന്നും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതുതന്നെയാണ്. അങ്ങനെ ഭഗവൽ പ്രേമം വാസ്തവമായിത്തീരുന്നു. ഗോപികമാർ ശ്രീകൃഷ്ണനെ ഭഗവാനായി അറിഞ്ഞിരുന്നില്ലെന്നു പറയുന്നവർ താഴേ പറയുന്ന ശ്രീമൽഭാഗവതത്തിലെ ശ്ലോകങ്ങളെ ചിന്തിച്ചുനോക്കട്ടെ:—

മൈവം വിഭോഽർഹതി ഭവാൻ ഗദിതും നൃശംസം
സന്ത്യജ്യ സർവ്വവിഷയാംസ്തവപാദമൂലം
ഭക്താ ഭജസ്വ ദുരവഗ്രഹ മാ ത്യജാസ്മാൻ
ദേവോ യഥാഽദിപുരുഷോ ഭജതേ മുമുക്ഷൂൻ.
യൽപത്യപത്യസുഹൃദാമനുവൃത്തിരങ്ഗ
സ്ത്രീണാം സ്വധർമ്മ ഇതി ധർമ്മവിദാ ത്വയോക്തം
അസ്ത്വേവമേതദുപദേശപദേ ത്വയീശേ
പ്രേഷ്ഠോ ഭവാംസ്തനുഭൃതാം കില ബന്ധുരാത്മാ.
യർഹ്യംബുജാക്ഷ തവ പാദതലം രമായാ
ദത്തക്ഷണം ക്വചിദരണ്യജനപ്രിയസ്യ
അസ്പ്രാക്ഷ്മ തൽപ്രഭൃതി നാന്യസമക്ഷമങ്ഗ
സ്ഥാതും ത്വയാഭിരമിതാ ബത പാരയാമഃ.
ശ്രീര്യൽ പദാംബുജരജശ്ചകമേ തുളസ്യാ
ലബ്ധ്വാപി വക്ഷസി പദം കില ഭൃത്യജുഷ്ടം
യസ്യാഃ സ്വവീക്ഷണകൃതേഽന്യസുരപ്രയാസ-
സ്തദ്വദ്വയം ച തവ പാദരജഃ പ്രപന്നാഃ.

(10-29-31, 32,-36, 37.)

"വ്യക്തം ഭവാൻ വ്രജഭയാർത്തിഹരോഽഭിജാതോ
ദേവോ യഥാഽഽദിപുരുഷഃ സുരലോകഗോപ്താ".

(10-29-41)

"ന ഖലു ഗോപികാനന്ദനോ ഭവാ---
നഖിലദേഹിനാമന്തരാത്മദൃൿ

വിഖനസാർത്ഥിതോ വിശ്വഗുപ്തയേ
സഖ ഉദേയിവാൻ സാത്വതാം കുലേ".

(10-31-4.)

"ഹേ പ്രഭോ, അവിടുന്നു് ഇങ്ങനെ കഠോരമായ വാക്കു്—മടങ്ങിപ്പോകുവിൻ എന്നു്—പറയരുതേ. ഞങ്ങൾ മററു സമസ്തവിഷയങ്ങളേയും ത്യജിച്ചു് അങ്ങയുടെ ചരണകമലങ്ങളെമാത്രം ആശ്രയമായി കരുതിയിരിക്കുകയാണു്. ഹേ സ്വച്ഛന്ദ, യാതൊരു പ്രകാരത്തിൽ ആദിപുരുഷനായ ശ്രീനാരായണൻ മുമുക്ഷുക്കളെ ഭജിക്കുന്നുവോ—അവരുടെ ഇച്ഛാനുസാരം അവരെ സ്വീകരിക്കുന്നുവോ—അതുപോലെ ഭവാൻ ഞങ്ങളെ അംഗീകരിച്ചാലും; ഉപേക്ഷിക്കരുതേ! ഹേ ഹരേ, അവിടുന്നു ധർമ്മത്തെ അറിയുന്നവനാണു്—ആ സ്ഥിതിക്കു നിങ്ങൾ മടങ്ങിപ്പോകുവിൻ എന്നു് അങ്ങു് എങ്ങനെ പറയും? അങ്ങയെ ശരണം പ്രാപിച്ചശേഷം വല്ലവരും എന്തെങ്കിലും കാരണവശാൽ മററു വല്ലവരേയും എപ്പോഴെങ്കിലും സേവിപ്പാൻ മടങ്ങിപ്പോകാറുണ്ടോ?—പതിയുടേയും, പുത്രന്മാരുടേയും, ബാന്ധവന്മാരുടേയും ശുശ്രൂഷ ചെയ്യുന്നതുതന്നെയാണു് സ്ത്രീകളുടെ പരമധർമ്മമെന്നു് ഭവാൻ പറയുകയുണ്ടായി. ഈ ശുശ്രൂഷ ഉപദേശംതന്നെ ഭവാനിൽത്തന്നെയാണു് വേണ്ടതു്. എന്തുകൊണ്ടെന്നാൽ സമസ്ത ദേഹികളുടേയും പ്രിയതമനും, പുത്രനും, ബന്ധുവും ഭവാൻതന്നെയാണല്ലോ! വനവാസികളായ തപസ്വിമാരുടെ ഇഷ്ടനായ ഭവാന്റെ, ചില സമയം ശ്രീമഹാലക്ഷ്മിക്കു് ആനന്ദം നൽകുന്ന ചരണകമലങ്ങളെ എപ്പോൾ ഞങ്ങൾ സ്പർശിച്ചുവോ അപ്പോൾ മുതൽ ആനന്ദഭരിതകളായ ഞങ്ങൾ മറെറാരാളുടെ മുമ്പാകെ പോയിനില്ക്കുന്നതിന്നു് എങ്ങനെ ശക്തകളാകും? അതു ഞങ്ങളെസ്സംബന്ധിച്ചേടത്തോളം അസംഭവമാണു്. യാതൊരാളുടെ കൃപാകടാക്ഷം ലഭിക്കുന്നതിന്നുവേണ്ടി ദേവസമൂഹം അത്യന്തം പ്രയാസപ്പെടുന്നുവോ ആ ലക്ഷ്മീഭഗവതി അവിടത്തെ തിരുമാറിൽ എതിരററ സ്ഥാനം ലഭിച്ചിട്ടുകൂടി തൃപ്തിപ്പെടാതെ, ഭക്തന്മാരാൽ സേവിക്കപ്പെടുന്ന അങ്ങയുടെ തൃപ്പാദങ്ങളിലെ തുളസീരജകണങ്ങളെയാണു് ആഗ്രഹിക്കുന്നതു്! ആ പാദധൂളികളെത്തന്നെയാണു് ഞങ്ങളും ശരണം പ്രാപിച്ചിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ദേവന്മാരേപ്പോലും കാത്തുരക്ഷിക്കുന്ന ഭവാൻ ആദിപുരുഷനും പരമാത്മാവുമാണു്. വ്രജവാസികളുടെ ഭയദുഃഖാദികൾ ശമിപ്പിക്കുവാൻ അവിടുന്നു പ്രത്യക്ഷമായി അവതരിച്ചത

ത്രെ! ഭവാൻ കേവലം യശോദയുടെ പുത്രനല്ലെന്നുള്ള കാര്യം തീ ച്ചയാണ്. എന്നു മാത്രമല്ല എല്ലാ ദേഹികളുടേയും ആന്തരാത്മാവിൻെറ സാക്ഷിയാണ്. ഹേ സഖേ, ബ്രഹ്മാവിൻെറ പ്രാത്ഥനമൂലം സമസ്തലോകരക്ഷക്കവേണ്ടി യദുകുലത്തിൽ ഭവാൻ അവതരിച്ചിരിക്കുകയാണ്.

ഇങ്ങനെയുള്ള പ്രമാണങ്ങളാകൊണ്ടും യുക്തികളാകൊണ്ടും ഗോപികമാർ ശ്രീകൃഷ്ണനെ സാക്ഷാൽ സച്ചിദാനന്ദഘനനായ ഭഗവാനാണെന്നു് അറിഞ്ഞിട്ടുതന്നെയാണ് അദ്ദേഹത്തിൽ ആത്മസമപ്പ്ണം ചെയ്തിരുന്നതെന്നു് സിദ്ധമാകുന്നു.

23 തദപിഹീനം ജാരാണാമിവ

മേല്പറഞ്ഞ ഭക്തിയില്ലാതെയുള്ള പ്രേമം ജാരന്മാരുടേതിനു തുല്യമാകുന്നു.

മാഹാത്മ്യജ്ഞാനമില്ലാതെ സ്ത്രീകൾ ഏതെങ്കിലും പുരുഷനിൽ സ്നേഹപ്രകടനം ചെയ്യുകയാണെങ്കിൽ അതു് ജാരപ്രേമത്തിന്നു തുല്യമാണ്. ഏതൊരു പ്രേമത്തിൽ സവ്വസമപ്പ്ണഭാവമുണ്ടോ, ഏതൊന്നിൽ ലൌകികസ്വാത്ഥാദികളുടെ ഗന്ധംപോലുമില്ലയോ അത്തരം പ്രേമം മാത്രമേ കേവലം ഭഗവാനോടായിരിക്കയുള്ളൂ. പക്ഷെ മൂഢമായിട്ടാണെങ്കിലും ഭഗവാനോടു തോന്നുന്ന പ്രേമം നിഷ്ഫലമായിത്തീരുന്നതല്ല; എന്നാൽ അറിഞ്ഞു പ്രേമിക്കുന്നതിന്നു് വൈശിഷ്ട്യമേറും. ഭഗവാൻ നമ്മുടെ പ്രിയതമനാണ് എന്നുള്ള ഭാവനയിൽത്തന്നെ എത്ര അപാരമായ ആനന്ദമാണ്! ആ സ്ഥിതിക്കു് അദ്ദേഹം പരമപ്രിയതമരൂപത്തിൽ പ്രാപിക്കുന്നതായാൽ അവക്കുണ്ടാകാവുന്ന സുഖത്തെക്കുറിച്ചു പറയുവാനുണ്ടോ? ഗോപികമാർ ഈ പരമപവിത്ര ദിവ്യസുഖത്തിൻെറ ഭാഗഭാക്കുകളായിരുന്നു, അതുകൊണ്ടുതന്നെയാണ് ജീവന്മുക്തനും മഹാത്മാവുമായ ശുകമഹഷി, മൃത്യുവരണത്തിന്നു സന്നദ്ധനായ പരീക്ഷിത്തുമഹാരാജാവിനെ ഈ പരിശുദ്ധപ്രേമലീലകൾ വണ്ണിച്ചു കേൾപ്പിക്കുന്നതു്. അതുകൊണ്ടു് ഈ പ്രേമം ഭഗവന്മഹാത്മ്യജ്ഞാനത്തോടുകൂടിയതും പരമപവിത്രവുമായിരുന്നു.

24. നാസ്ത്യേവ തസ്മിംസ്തൽസുഖസുഖിത്വം.

ആ ജാരപ്രേമത്തിൽ പ്രിയതമൻെറ സുഖംകൊണ്ടെന്നപോലെ സുഖിയായിത്തീരുവാൻ കഴിയുന്നതല്ല.

വ്യഭിചാരികളായ മനുഷ്യർ കാമാവേശംകൊണ്ടു കേവലം തൻെറ സുഖത്തിനുവേണ്ടി, ഇന്ദ്രിയങ്ങളുടെ തൃപ്തിക്കുവേണ്ടി സ്നേഹ

പ്രകടനംചെയ്യുന്നു. അവർ പ്രേമാസ്പദമായ സുഖത്താൽ സുഖികളായിത്തീരുന്നില്ല. ഗോപികമാരുടെ പ്രേമത്തിൽ ഈ ഭാവമുണ്ടായിരുന്നില്ല. ലൌകികമായകാമത്തിൽനിന്നു് ഉണ്ടായ പ്രീതിയിൽ പ്രേമാസ്പദമായ പുരുഷൻ ജാരനാകുന്നു. അയാളുടെ അംഗസംഗത്തിനുള്ള ഇച്ഛ ഉണ്ടാവുകയും ചെയ്യുന്നു. ഇവിടെയാകട്ടെ പ്രേമാസ്പദം സാക്ഷാൽ വിശ്വാത്മാവായ ഭഗവാനാണു്. ഗോപികമാരുടെ ഹൃദയത്തെസ്സംബന്ധിച്ചേടത്തോളം അംഗസംഗത്തിലുള്ള ആഗ്രഹം ഉണ്ടായിരുന്നുമില്ല ഗോപികമാർ കേവലം ശ്രീകൃഷ്ണസുഖാഭിലാഷകളായിരുന്നു. അവർ തങ്ങളുടെ ശരീരം, മനസ്സ്, ബുദ്ധി, സൌന്ദര്യം, യൌവനം, ധനം, പ്രാണൻ മുതലായ സമസ്തവസ്തുക്കളേയും പ്രിയതമനായ ആ വ്രജസൌഭാഗ്യദാതാവിന്റെ പൂജാസാമഗ്രികളാക്കി കല്പിച്ചു. തങ്ങളുടെ സർവ്വസ്വവും നൽകി അവർ അദ്ദേഹത്തെ സുഖിയാക്കിത്തീർക്കുവാൻ ഇച്ഛിച്ചു. ഏതൊരു വിഷയത്തിൽ ശ്രീകൃഷ്ണനു് പ്രീതിയുണ്ടായിരുന്നുവോ അതുതന്നെ പ്രവൃത്തിക്കുന്നതാണു് തങ്ങളുടെ കർത്തവ്യമെന്നവർ കരുതി. അതിൽ അവർക്കു പരമസുഖാനുഭൂതിയുണ്ടായിരുന്നു. ഇതിൽക്കവിഞ്ഞു് അവരുടെ മനസ്സിൽ, മററുപ്രകാരത്തിലുണ്ടായേക്കാവുന്ന സുഖത്തെക്കുറിച്ചു് ഒരാഗ്രഹംതന്നെ ഉണ്ടായിരുന്നില്ല; സങ്കല്പംപോലും ഉണ്ടായിരുന്നില്ല! ഇതുതന്നെയാണു് കാമത്തിന്നും പ്രേമത്തിന്നും തമ്മിലുള്ള അന്തരം. കാമി, മററുള്ളോർ മുഖാന്തരം തന്റെ സുഖത്തെയാണു് ആഗ്രഹിക്കുന്നതു്. പ്രേമി, താൻ മുഖാന്തരം പ്രിയതമന്നു് സുഖത്തെ കൈവരുത്തുവാനും, അദ്ദേഹത്തിന്റെ സൌഖ്യത്തെക്കണ്ടു് ആനന്ദിക്കുവാനുമാണു് ഇച്ഛിക്കുന്നതു്. ശ്രീ ചൈതന്യാമൃതമെന്ന ഗ്രന്ഥത്തിൽ ഗോപികമാരുടെ ഇത്തരത്തിലുള്ള പ്രേമത്തെക്കുറിച്ചു് വർണ്ണിച്ചിട്ടുണ്ടു്:—

ആത്മേന്ദ്രിയപ്രീതി ഗണിച്ചിടാതെ
കൃഷ്ണേന്ദ്രിയപ്രീതിയിലിച്ഛ കൊൾവു;
കാമംതൊടാ ഭോഗവഴിക്കു നാഥ-
പ്രേമംസദാ സാധു കൊതിച്ചിടുന്നു;

സ്വദുഃഖതാല്പര്യവിചാരമെന്യേ
ഗോവിന്ദസൌഖ്യാദികൾ ചിന്തചെയ്തു;
അനിഷ്ടമായൊന്നവനാചരിച്ചാ-
ലനന്ത ദുഃഖത്തൊടുഴന്നിടുന്നു;

വേദം, സ്വധർമ്മാചരണങ്ങൾ, ലജ്ജാ,
ധൈര്യാദിതെല്ലം വകവെച്ചിടാതെ
സർവ്വം ത്യജിച്ചംബുജലോചനൻ തൻ
പാദാന്തികം പുക്കരു രാഗമോടും,
ശുശ്രൂഷമാത്രം നിജ കൃത്യമെന്നായ്
നിനച്ചു സർവ്വാർപ്പിത ചിത്തമോടും
വസിപ്പു, ഹാ! ഗോപികമാ,രവക്കു
സമാനമിന്നാരുലകത്തിലുള്ളു !!

ഭഗവാൻ ശ്രീകൃഷ്ണനു് സർവ്വസ്വ സമർപ്പണം, ക്ഷണനേരമെങ്കിലും അദ്ദേഹത്തെ മറന്നുപോയാൽ പരമവ്യാകുലത, അദ്ദേഹത്തിന്റെ പ്രഭാവത്തേയും മാഹാത്മ്യത്തേയും കുറിച്ചു സമ്യൿജ്ഞാനം, അദ്ദേഹത്തിന്റെ സുഖത്തിൽ മാത്രം സൌഖ്യം ഈ നാലു സംഗതികൾ ഗോപികമാരുടെ പ്രേമത്തിൽ മുഖ്യമായി കാണ്മാനുണ്ടു്.

ഈ ഗോപീപ്രേമം പരമപവിത്രവും, അലൌകികവുമത്രെ! അതിൽ പാപത്തെ, അല്ലെങ്കിൽ വ്യഭിചാരത്തെ മാത്രം ദർശിക്കുന്നവരിൽ ശ്രീകൃഷ്ണഭഗവാൻ തന്നെ കൃപാമൃതം പൊഴിക്കുമാറാകട്ടെ!

(തുടരും)

—:*:—

# പൊന്നോണം

(ടി. കെ. രാമമേനോൻ)

പരിവർത്തനത്തിരക്കൂട്ടം കൂട്ടമായ് പൊങ്ങി
ക്കരയെ—പ്പുഴമയെ—പ്പലതും മാച്ചപ്പോഴും
കളയാൻ കഴിഞ്ഞില്ല മാബലിക്കായർപ്പിച്ച
നാളിനെച്ചിങ്ങമാസ പൂന്തിരുവോണത്തിനെ
അസ്സുദിനത്തിൽ മെയ്യുമെലിഞ്ഞിട്ടുണ്ടാമെന്നാൽ
നിശ്ചയം ചൈതന്യമുണ്ടിപ്പൊഴുമതിന്നുള്ളിൽ
നിത്യയൗവ്വനത്തിന്റെ നേക്കെത്തിപ്പുതുമ, തൻ
കത്തിയുമായിക്കൊണ്ടു പലവ്വാറപ്പൊഴെല്ലാം
ഓണനാൾ സധീരയായ് നോക്കി;യാനോട്ടത്തിനൊ
ത്തുണായിത്തെറിച്ചുപോയ് കൃപാണം കൃപണമായ്

കേരളപ്പൊലിമതന്നോമനക്കുമാരിയെ
കേരളം, മഹാബലി സപര്യക്കർപ്പിച്ചപ്പോൾ
ധീരനാത്തിരുമേനി വാത്സല്യഹസ്തം നീട്ടി
ത്താരിളം പൂമേനിയിൽത്തടവുന്നതും നോക്കി
വത്സരശതകങ്ങൾ സന്തോഷബാഷ്പക്ലിന്ന
വിസ്തൃതനേത്രങ്ങളായ്; പുളകാവൃതങ്ങളായ്
പുഷ്പതല്പത്തിലിരുന്നാ മഹാശയൻ പുതു-
പ്പുഞ്ചിരിതൂകീടുമ്പോൾ കേരളം പുളയ്ക്കുന്നു.
വിഭവസമൃദ്ധമാമമൃതേത്തിങ്കൽ ഹർഷ
വിവശരായീടുന്നു മലയാളികളെല്ലാം.
പോകരുതോണം കഴിഞ്ഞാലുമാര്യനാം ഭവാൻ;
പോകരുതോണം നാളുമെന്നർത്ഥിച്ചീടുന്നോരേ,
നിങ്ങളാച്ചക്രവർത്തി ഭരിച്ചകാലത്തിന്റെ
മംഗളവശങ്ങളിലെന്തു കണ്ണോടിയ്ക്കാത്തു?
അനുസത്യത്തിൽനിന്നു നിങ്ങൾതൻ മനസ്സെല്ലാ-
മനുധർമ്മത്തിൽത്തന്നെ പുലർന്നുനിങ്ങളെല്ലാം
അനഹിംസയിൽ ദൃഢവിശ്വാസമുള്ളോർ നിങ്ങ-
ളന്നു കാപട്യം നിങ്ങളേതുമൊന്നറിയാത്തോർ
ആവിധമിന്നും നിങ്ങൾ ജീവിതാദ്ധ്യായങ്ങളെ-
യാവുമെന്നാകിലെഴുതീടുവിൻ രണ്ടാമതും
അങ്ങനെയായാൽകാണാം മാബലി മഹീശനെ.
ചിങ്ങമാസമായ് തന്നെ കണ്ടീടാം മാസങ്ങളെ
ഓണംനാളായിട്ടെണ്ണാം നാളുകളൊക്കെയേതു-
വേണമീച്ചോദ്യം നമ്മെത്തുറിച്ചു നിന്നീടുന്നു.

———o———

# ഭക്തി

(വി. കെ. നാരായണഭട്ടതിരി)

"പ്രേണാ തദേഷാം നിഹിതം ഗുഹാവി"

(ഋഗ്വേദം)

അപ്രത്യക്ഷമായിരിക്കുന്ന ആ ഈശ്വരതത്വം പ്രേമംകൊണ്ടു മാത്രമെ പ്രത്യക്ഷപ്പെടുകയുള്ളു എന്നാണ് മേൽക്കാണിച്ച മന്ത്രത്തിന്റെ സാരം. ഈ മന്ത്രം ഇവിടെ ഉദ്ധരിച്ചതിന്നും അർത്ഥമുണ്ട്. വേദങ്ങളിൽ ഭക്തിക്കു അവസരമില്ല. ഇതിഹാസപുരാണങ്ങളിലാണ് ഭക്തിക്കുള്ള മാർഗ്ഗപ്രദർശനം എന്നും മററും ചിലർ പറയാറുണ്ട്. പക്ഷെ ഋഗ്വേദത്തിലും ഈശ്വരപ്രേമമാണ് ഈശ്വരസാക്ഷാല്ക്കാരത്തിന്നുള്ള കാരണം എന്നു കാണിക്കുവാനാണ് ഈ മന്ത്രം ഇവിടെ ഉദ്ധരിച്ചതു്. ലൌകികസംസ്കൃതത്തിൽ "പ്രേമ്ണാ" എന്നു ഉപയോഗിക്കേണ്ട സ്ഥാനത്തു വൈദികപ്രയോഗമായി "പ്രേണാ" എന്നാണ് ഈ മന്ത്രത്തിൽ പ്രയോഗമുള്ളതു്. ആചാര്യസ്വാമികൾ ജ്ഞാനംകൊണ്ടുമാത്രമെ മുക്തി ലഭിക്കുകയുള്ളു എന്നു് സിദ്ധാന്തിച്ചിട്ടുണ്ടെങ്കിലും വിവേകചൂഡാമണി എന്ന ഗ്രന്ഥത്തിൽ ഭക്തിക്കു് മുക്തികാരണങ്ങളിൽ അതി പ്രാധാന്യമുണ്ടെന്നു പറയുന്നു. പരമഭക്തനും മഹാപണ്ഡിതനുമായ ശ്രീധരാചാര്യസ്വാമികൾ ഗീതയുടെ വ്യാഖ്യാനത്തിന്റെ അവസാനത്തിൽ ഇങ്ങനെ പറയുന്നു:—ഗീതയുടെ മുഖ്യോദ്ദേശം ഭക്തിയുണ്ടാകുകയാണെന്നും ആ ഭക്തിവഴിക്കു് ഈശ്വരപ്രസാദംകൊണ്ടു മുക്തിലഭിക്കാമെന്നുമാണ് ഭാഗവത വ്യാഖ്യാതാവായ ശ്രീധരാചാര്യസ്വാമികൾ അഭിപ്രായപ്പെട്ടിട്ടുള്ളതു്. രാമാനുജാചാര്യർ, മാദ്ധ്വാചാര്യർ മുതലായ വേദാന്ത പ്രവർത്തകന്മാരും ഭക്തിയില്ലാത്തവന്നു് പുരുഷാർത്ഥസിദ്ധി ഉണ്ടാവില്ലെന്നുപോലും പറയുന്നു. അങ്ങിനെ ഉൽകൃഷ്ടഗ്രന്ഥങ്ങളും തപസ്വികളായ ആചാര്യന്മാരും ഭക്തിയുടെ മാഹാത്മ്യത്തെ ഘോഷിക്കുന്നു. ഭക്തിപ്രാധാന്യം ഹിന്ദുമതത്തിൽ മാത്രമല്ലാ. ക്രിസ്തുമതത്തിലെ "ക്രിസ്തീയാനുകരണം" എന്ന ആ ഉൽകൃഷ്ടഗ്രന്ഥത്തെ ഏവനും അവശ്യം പഠിക്കേണ്ടതാണ്. ഭക്തിയുണ്ടാക്കി അതിനെ വർദ്ധിപ്പിക്കുന്നകാര്യത്തിൽ ഭാഗവതത്തിനെപ്പോലെ ഈ ക്രിസ്തീയാനുകരണത്തിന്നും കഴിവുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ. ക്രിസ്ത്യാനികളല്ലാത്ത ചില പഴമക്കാർ ഇങ്ങിനെ പറയുന്നതു കേട്ടു

ൽ നെററി ചുളിച്ചുവെന്നുവരാം. പക്ഷെ അവരോടു പറയാനുള്ളതു് ഇതാണ്:—ഹിന്ദുമതത്തിൽ ഈശ്വരപര്യായങ്ങളായ പദങ്ങളുടെ കൂട്ടത്തിൽ കൃസ്തു മുതലായ അന്യമതങ്ങളിലുള്ള ഈശ്വരപര്യായശബ്ദങ്ങളേയും കൂട്ടിച്ചേൎക്കണം. അതു് കൃസ്ത്യന്റെ ഈശ്വരൻ; ഇതു മുഹമ്മദീയന്റെ ഈശ്വരൻ എന്നുള്ള നിസ്സാരബുദ്ധിയെ ഉപേക്ഷിക്കണം. ഈശ്വരൻ ഒന്നേയുള്ളൂവെന്നു ഓൎക്കുകയും വേണം. ഈ നിലയിലിരുന്നുകൊണ്ടു "കൃസ്തീയാനുകരണം" വായിച്ചാൽ ഭക്തി തന്നത്താൻ വൎദ്ധിക്കും. ഏതുമതത്തിലും ഭക്തിക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്.

ഉദ്ധവൻ, ഗോപസ്ത്രീകൾ, പ്രഹ്ളാദൻ, ധ്രുവൻ മുതലായവരുടെ ഭക്തിയേയും ആ ഭക്തികൊണ്ടു അവൎക്കുണ്ടായ സിദ്ധികളേയും നാം ഓൎക്കേണ്ടതാണ്. ഗോപിമാരുടെ ഭക്തിയാണ് ഏററവും ഉൽകൃഷ്ടമായതെന്നു ഒരു പക്ഷമുണ്ടു്. ശരിയായ ഭക്തിയുടെ സ്വരൂപമെന്തായിരിക്കുമെന്നു് പഠിപ്പിക്കുവാനാണ് ഉദ്ധവനെ ശ്രീകൃഷ്ണൻ ഗോപസ്ത്രീകളുടെ അടുത്തേക്കു് അയച്ചതു് എന്നു പറയാറുണ്ടു്. ഗോപസ്ത്രീകളുടെ കഥ ഭാഗവതത്തിന്നുതന്നെ ഒരു കളങ്കമാണ് ഉണ്ടാക്കുന്നതെന്നു് ഇന്നത്തെ ചില അഭ്യസ്തവിദ്യന്മാർ പറയാറുണ്ടു്. ആ കഥയിലുള്ള ആന്തരാൎത്ഥത്തെ വ്യക്തമാക്കിക്കൊണ്ടു് അവരെ സമാധാനിപ്പിക്കാൻ തല്ക്കാലം വിചാരിക്കുന്നില്ല. ഒന്നുമാത്രം പറയുന്നു: ഗോപീജനവല്ലഭൻ എന്ന ശബ്ദം കേൾക്കുമ്പോൾ ഭക്തിപാരവശ്യം കൊണ്ടു് കണ്ണിൽ വെള്ളം വരുന്നു എന്നു് ശ്രീ രാമകൃഷ്ണപരമഹംസസ്വാമികൾ പറഞ്ഞതായി കേട്ടിട്ടുണ്ടു്. ഇനി പ്രഹ്ലാദന്റെ കഥ നോക്കുക. പ്രഹ്ലാദൻ വിഷ്ണുഭക്തനാണെന്നു കണ്ടിട്ടു് ഹിരണ്യകശിപു, തന്റെ മകനായ പ്രഹ്ലാദനെ കൊല്ലുവാൻ പലതരത്തിൽ ശ്രമിച്ചിട്ടുണ്ടു്. ഈശ്വരനിൽത്തന്നെ മനസ്സു് ഉറപ്പിച്ചിരിക്കുന്ന മനസ്സോടുകൂടിയ പ്രഹ്ലാദന്റെ നേരെ ഹിരണ്യകശിപുവിന്റെ വധോപായങ്ങളൊന്നും ഫലിച്ചില്ല. എന്നാൽ പ്രഹ്ലാദനാകട്ടെ ഇങ്ങിനെ ഉപദ്രവിക്കുമ്പോഴും അച്ഛന്റെ നേരെയോ ഇങ്ങിനെ ഉപദ്രവിക്കുന്നവരുടെ നേരെയോ യാതൊരു ദ്വേഷ്യഭാവവുമുണ്ടായിട്ടില്ല. ധ്രുവന്റെ നിലയും ഏതാണ്ടു് ഇതുതന്നെയാണ്. അച്ഛന്റെ മടിയിലിരിക്കുന്ന ധ്രുവനെ തന്റെ ചെറിയമ്മയായ "സുരുചി" നിനക്കു ഇവിടെ ഇരിക്കുവാനധികാരമില്ല"ന്നധിക്ഷേപിച്ചു് അവിടെനിന്നു് ഓടിച്ചു. ധ്രുവനാകട്ടെ ചെറിയമ്മയെപ്പററി യാതൊരു ദോഷവും

പറയുന്നതുമില്ല. ഈശ്വരസഹായമുണ്ടായാൽ എല്ലാം സാധിക്കാം എന്നുള്ള സുനീതിയുടെ ഉപദേശം കേട്ട് ധ്രുവൻ തപസ്സിന്നു പോകയാണ ഉണ്ടായിട്ടുള്ളതു്. താനാശിച്ചതെല്ലാം ഈശ്വരസഹായം കൊണ്ടു് ലഭിച്ചു് തിരികെ വന്നപ്പോഴും ധ്രുവന്നു് തന്റെ ചെറിയമ്മയുടെ നേരെ യാതൊരു പരിഭവവുമുണ്ടായില്ല. ഇങ്ങിനെയുള്ള മനോഭാവമാണു് ശരിയായ ഭക്തിയുടെ സ്വരൂപം. സഹസ്രനാമത്തിന്റെ ഫലശ്രുതിയിൽ ഇങ്ങിനെ പറയുന്നു:—

ന ക്രോധോ നച മാത്സര്യം
ന ലോഭോ നാ ശുഭാമതിഃ
ഭവന്തി കൃത പുണ്യാനാം
ഭക്താനാം പുരുഷോത്തമേ"

പുണ്യവാന്മാരായ ഈശ്വരഭക്തന്മാക്കു് ക്രോധം, മാത്സര്യം, ചീത്തവിചാരം—ഇതൊന്നുമുണ്ടാകില്ല എന്നാണു് ഇതിന്റെ സാരം. താൻ ഭക്തനാണോ എന്നു പരിശോധിക്കുവാൻ ഈ ശ്ലോകം സഹായകമായിരിക്കും. ദ്വേഷ്യം, മാത്സര്യം—ഇത്യാദി ദോഷങ്ങുള്ളവൻ ശരിയായ ഭക്തനല്ലെന്നു സാരം. ശരിയായ ഭക്തനല്ലെന്നു വിചാരിച്ചു് ഭക്തിയെ ആഗ്രഹിക്കുന്നവന്നു വിഷാദിക്കേണ്ടതില്ല. ശരിയായ ഭക്തി സിദ്ധിക്കുവാൻ നന്നേ പ്രയാസമുണ്ടെന്നു് കാണിക്കുവാൻ ആചാര്യസ്വാമികൾ ഇങ്ങിനെ ഒരു ശ്ലോകത്തെ ഉദാഹരിച്ചിട്ടുണ്ടു്:—

"ജന്മാന്തര സഹസ്രേഷു
തപോജ്ഞാന സമാധിഭിഃ
ജനാനാം ക്ഷീണപാപാനാം
കൃഷ്ണേ ഭക്തിഃ പ്രജായതേ"

തപസ്സു്, ജ്ഞാനം, സമാധി-ഇവയുടെ അനേക ജന്മങ്ങളിലുള്ള അഭ്യാസം കൊണ്ടു് പാപമെല്ലാം നശിച്ചു് മനസ്സു് പരിശുദ്ധമായാൽ മാത്രമെ ശരിയായ ഭക്തിയുണ്ടാവുകയുള്ളുവെന്നാണു് ഇതിന്റെ താല്പര്യം. അതിനാൽ ഭക്തിപൂർണ്ണമാവാത്തവർ സൽപ്രവൃത്തികളെക്കൊണ്ടും ഈശ്വരോപാസനാദികളെക്കൊണ്ടും ഭക്തിയെ വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയാണു് വേണ്ടതു്. ഭക്തി എന്നാൽ എന്തു്? എന്നും ഒരു ചോദ്യമുണ്ടാകാം. ഭാഗവതാദിഗ്രന്ഥങ്ങളിൽ ഭക്തിലക്ഷണങ്ങൾ സവിസ്തരം പറയുന്നുണ്ടു്. അവയിൽ ചിലതു് താഴെ ചേർക്കാം.

"മയി സുരസരിദോഘ
പ്രഖ്യപിത്താനവൃത്തിഃ
ഭവതി പരമഭക്തിഃ
സാഹി മൃത്യോ: വിജേത്രീ"
(നാരായണീയം)

ഗംഗയുടെ പ്രവാഹംപോലെ ഏവൻെറ മാനസികപ്രവൃത്തികളെല്ലാം ഈശ്വരങ്കലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു അങ്ങിനെയുള്ള മനോവൃത്തിയാണ് പരമമായ ഭക്തി. ഇതു മൃത്യുവിനെ ജയിക്കുകയും ചെയ്യും. ആചാര്യന്മാർ പല തരത്തിലും ഭക്തിക്കു ലക്ഷണങ്ങൾ പറയുന്നുണ്ടു്. ഇതിൻെറയെല്ലാം താല്പര്യം മനസ്സ് എല്ലായ്പോഴും ഈശ്വരങ്കലായിരിക്കേണമെന്നാകുന്നു. കഷ്ടാനിഷ്ടങ്ങളെല്ലാം ഈശ്വരങ്കൽ അപ്പിച്ചു് മാനസികക്ഷോഭങ്ങൾക്കൊന്നും വഴിയില്ലാതെയാക്കി ഈശ്വരഭൃത്യനായോ, ഭാവനകൊണ്ടു് താൻ ഈശ്വരൻതന്നെയാണ് എന്ന നിലയായോ ജീവിക്കാറാവുകയാണ് പരമഭക്തിയുടെ ലക്ഷ്യം. താൻമാത്രം ഈശ്വരനായാൽ പോരാ ലോകത്തെ മുഴുവൻ ഈശ്വരനായിക്കാണുകയും വേണം. അപ്പോൾ ഭക്തി ജ്ഞാനമായി പരിണമിച്ചു് സകലത്തേയും ഈശ്വരദൃഷ്ട്യാ കണ്ടു് പരോപകാരപ്രവൃത്തിയിൽ ഏൎപ്പെടുക. എന്നുള്ളതു് ഭക്തൻെറ ഒരു സ്വഭാവമാണ്. അതിലേക്കു ദൃഷ്ടാന്തം നാരദൻതന്നെയാകുന്നു. നാരദൻ ഏഷണിക്കാരനല്ലാ. പുരുഷാത്ഥങ്ങളെ സമ്പാദിച്ചുകൊടുക്കുന്നവൻ എന്നാണ് നാരദശബ്ദത്തിൻെറ അത്ഥം. നാരദൻെറ നില സിദ്ധിക്കുവാനാണു് നമ്മളെല്ലാം ആശിക്കേണ്ടതെന്നു പറഞ്ഞു ഇതു് അവസാനിപ്പിക്കുന്നു.

———x———

# പൂൎവ്വമീമാംസാ

(ശിരോമണി കാമ്പ്രത്തെ ശങ്കരമേനോൻ കൊല്ലങ്കോട്ടു്)

അനാദ്യഗംഭീരമായ വേദാബ്ധിയിൽനിന്നു ജ്ഞാനകമ്മനവനീതം കടഞ്ഞെടുക്കുവാൻ ഉതകുന്ന കടകോലാണ് മീമാംസാശാസ്ത്രം. തത്വപരിശോധന (Investigation) ആലോചന, (Reflection) വേദാത്ഥതത്വവിചാരമെന്നൊക്കെയാണ് മീമാംസാപദത്തിൻെറ അ

ത്ഥം. എന്നാൽ ഇപ്പോഠം അതിനെ കേവലവിചാരം എന്നൎത്ഥത്തിൽ പ്രയോഗിച്ചുകാണുന്നുണ്ടു്.

വേദത്തിൽ "അക്താഃശൎക്കരാ ഉപദധാതി" (അഞ്ജനം ചേൎത്തു പരിഷ്കൃതമായ ചരൽക്കല്ലുകൊണ്ടു തിണ്ണ കെട്ടണം) എന്ന വാക്യത്താൽ ദ്രവദ്രവ്യമാത്രസാദ്ധ്യമായ അഞ്ജനം വിധിച്ചിട്ടുണ്ടു്. ദ്രവദ്രവ്യങ്ങഠം അനേകമുള്ളതിനാൽ ഏതുകൊണ്ടാണു് അഞ്ജനം ചെയ്യേണ്ടതെന്നു സംശയമായിത്തീൎന്നു. ഈ സന്ദേഹം "സംദിഗ്ദ്ധേതു വാക്യശേഷാത്" (ശങ്കവരുമ്പോഠം വാക്യശേഷംകൊണ്ടു നിൎണ്ണയിക്കേണ്ടതാണു്) എന്ന മീമാംസാസൂത്രത്താൽ തീരുന്നു. എങ്ങിനെയെന്നാൽ മുൻപറഞ്ഞ വാക്യത്തിന്റെ സമീപത്തിൽതന്നേ "തേജോ വൈഘൃതം" (നൈ പ്രകാശമുള്ള വസ്തുവാണു്) എന്ന വാക്യത്താൽ നെയ്യിനെ സ്തുതിച്ചിട്ടുണ്ടു്. അനുഷ്ഠാനത്തിന്നു് അപേക്ഷിതമായ ദ്രവ്യങ്ങളെയേ വേദത്തിൽ സ്തുതിക്കയുള്ളൂ. ആയതിനാൽ ഘൃതംകൊണ്ടു് എന്തോ ചെയ്യേണ്ടതുണ്ടെന്നു് അറിയുന്നു. അഞ്ജനത്തിന്നു ദ്രവദ്രവ്യമാവശ്യകവുമാണു്. ഇപ്പോഠം "നഷ്ടാശ്വദഗ്ദ്ധരഥ" ന്യായേന രണ്ടു വാക്യങ്ങളുടേയും പരസ്പരസംബന്ധത്താൽ നെയ്യുകൊണ്ടാണു് അഞ്ജനം ചെയ്യേണ്ടതെന്നു സിദ്ധിക്കുന്നു. ഇമ്മാതിരി ഓരോ വേദവാക്യങ്ങളുടേയും അൎത്ഥവിചാരമാണു മീമാംസാ ശാസ്ത്രത്തിലെ വിഷയം.

വേദത്തിൽ കൎമ്മകാണ്ഡം, ജ്ഞാനകാണ്ഡം എന്ന രണ്ടു ഭാഗമുണ്ടു്. അതിൽ കൎമ്മകാണ്ഡം കൂലങ്കഷമായി വിചാരിക്കുന്ന ശാസ്ത്രത്തെ ധൎമ്മമീമാംസാ—അധ്വരമീമാംസ—പൂൎവ്വമീമാംസ എന്നും ജ്ഞാനകാണ്ഡം കോട്ടവും കുറവും കൂടാതെ ആക്ഷേപിച്ചു സിദ്ധാന്തിക്കുന്ന ശാസ്ത്രത്തെ ബ്രഹ്മമീമാംസ—ജ്ഞാനമീമാംസ—ഉത്തരമീമാംസ എന്നും വ്യവഹരിച്ചുവരുന്നു.

പരമപാവനനും ദയാപയോനിധിയുമായ ജൈമിനിമുനിയാകുന്നു പൂൎവ്വമീമാംസാപ്രവൎത്തകൻ. ആ വിശിഷ്ടൻ 12 അദ്ധ്യായങ്ങളിൽ അനുഷ്ഠാനത്തിന്നു് ഉപയോഗപ്രദമാകുംവണ്ണം ധൎമ്മാധൎമ്മങ്ങളെ പ്രതിപാദിച്ചിരിക്കുന്നു. ധർമ്മാധർമ്മങ്ങളുടെ അനുഷ്ഠാനമെന്നതിന്നു് ധർമ്മം ചെയ്യുക, അധർമ്മം വൎജ്ജിക്കുക എന്നാണു താല്പൎയ്യം.

വേദം ഏതൊന്നിനെ സുഖസാധനമെന്നു ബോധിപ്പിക്കുന്നുവോ അതാണു് ധർമ്മം. ഏതൊന്നിനെ ദുഃഖസാധനമെന്നു വിധിക്കുന്നു അതാണു് അധർമ്മം. ഇതിനാൽ യാഗാദികഠം ധൎമ്മ

ങ്ങളും കളഞ്ജഭക്ഷണാദികഠം അധർമ്മങ്ങളും ആണെന്നു സിദ്ധിച്ചു. ഇതു് സ്വകപോലകല്പിതമല്ല വേദചക്രവർത്തിയുടെ വിധിനിഷേധങ്ങളിൽനിന്നു വിശദമാകുന്നതാണു്.

"അഗ്നിഹോത്രം ജൂഹുയാതു് സ്വർഗ്ഗകാമഃ" "നകളഞ്ജം ഭക്ഷയേതു്" ഇതിൽ ആദ്യവാക്യത്തിന്നു സ്വർഗ്ഗമാഗ്രഹിക്കുന്നവൻ അഗ്നിഹോത്രഹോമം ചെയ്യണമെന്നും രണ്ടാമത്തെ വാക്യത്തിന്നു കളഞ്ജം (കഞ്ചാവ്) മുതലായ ലഹരിസാധനങ്ങഠം ഉപയോഗിക്കരുതെന്നും അർത്ഥമാണു്.

സ്വർഗ്ഗം സുഖമാണെന്നു സർവ്വജനങ്ങഠംക്കും ബോദ്ധ്യമാവാം. പക്ഷേ ആ സ്വർഗ്ഗം സമ്പാദിപ്പാനുള്ള സാധനമേതാണെന്നു് അഖിലജനങ്ങഠംക്കും അജ്ഞാതവിഷയമത്രേ.

അജ്ഞാതമായ സ്വർഗ്ഗസാധനത്തെ—സുഖകാരണത്തെ ജ്ഞാപിപ്പിക്കയാണു മുൻകാണിച്ച വാക്യം ചെയ്യുന്നതു്. ഇവ്വിധവാക്യങ്ങഠംക്കു വിധി എന്നു പേർ. അതായതു് ഇന്നതു ചെയ്യണം—ഇദം കർത്തവ്യം—ഇന്നതു ചെയ്യരുതു്—ഇദം അകർത്തവ്യം എന്നു പറയുന്ന വാക്യങ്ങളാണു വിധിനിഷേധങ്ങഠം.

സ്വർഗ്ഗം സുഖംതന്നെ. പക്ഷേ സ്വർഗ്ഗപ്രാപ്തിയ്ക്കുള്ള സാധനമായ യാഗം നടത്തണമെങ്കിൽ അനേക ദ്രവ്യവ്യയം, ഉപവാസം എന്നീ നഷ്ടകഷ്ടങ്ങഠം അനുഭവിക്കേണ്ടിവരുന്നതിനാൽ ദുഃഖമല്ലെ? ഉണ്ടാകുക എന്നൊരു സംശയം വരാം. എങ്കിലും അതു് അത്രസാരമല്ല. അദ്ധ്യയനകാലങ്ങളിൽ അദ്ധ്യേതാക്കഠംക്കു അനേകദുഃഖങ്ങഠം അനുഭവഗോചരമാണെങ്കിലും അവസാനഫലമായ ജ്ഞാനമോ ഉദ്യോഗലാഭമോ അപേക്ഷിച്ചു ആദ്യദുഃഖം വളരെ നിസ്സാരമാണല്ലോ. അതുപോലെ സ്വർഗ്ഗസുഖത്തെ ആലോചിക്കുമ്പോഠം യാഗീയദുഃഖം എത്രയോ നിസ്സാരമാണു്. "ക്ലേശഃഫലേനഹി പുനന്നവതാം വിധത്തേ" എന്നു കവിതല്ലജകാളിദാസനും അഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ.

രണ്ടാമത്തേതു നിഷേധമാണു്. കളഞ്ജം ഭക്ഷിക്കുന്നവൎക്കു് അതു് ഇഷ്ടംതന്നെ. എന്നാൽ ഹിതമല്ല. വെള്ളം നിറഞ്ഞ കുളങ്ങളിൽ സസന്തോഷം ചാടിപ്പുളച്ചു തിമൎക്കുന്ന ബാലന്മാരെ രക്ഷിതാക്കന്മാർ കണ്ട ഉടൻ അതിൽനിന്നു അകററുന്നതു സാധാരണമല്ലെ. കുട്ടികഠംക്കു് അതു വിഹിതമല്ലല്ലൊ. താല്ക്കാലം സുഖംനോക്കി മനുഷ്യർ അവിഹിതപദാർത്ഥങ്ങളായ ലഹരിസാധനങ്ങഠം ഉപയോഗിക്കുകയും ബാലന്മാർ ആപദോന്മുഖമായ പ്രവൃത്തികളും

ചെയ്യുന്നു. വേദവും രക്ഷിതാക്കന്മാരും കാലന്തരത്തിൽ ദുഃഖകരമായ പ്രവൃത്തിയാണ് ഇവർ ചെയ്യുന്നതു് എന്നു ആലോചിച്ചറിഞ്ഞു് അതു് നിരോധിക്കുന്നു. ഇതുകൊണ്ടുതന്നേ ആപ്തന്മാർ പറയുന്നു: "മാതൃസഹസ്രേഭ്യോപി ഹിതൈഷണി ശ്രുതി" (ആയിരം ജനനിമാരേക്കാൾ അധികം ഹിതം ഉപദേശിച്ചുതരുന്നു വേദം.)

വേദം, ധർമ്മാധർമ്മങ്ങളെ ഉപദേശിക്കുന്നതുകൊണ്ടു അവയുടെ പ്രമാണമാണ്.

വേദം മാത്രമല്ല ധർമ്മാധർമ്മങ്ങൾക്കു പ്രമാണം. സ്മൃതി, ആചാരം എന്ന രണ്ടു പ്രമാണംകൂടിയുണ്ടു്. വേദം അന്യാധീനമോ ഇതരാപേക്ഷിതമോ അല്ലാത്തതിനാൽ സ്വതന്ത്രമായി വിധിനിഷേധങ്ങളെ നടത്തുന്നു.

സ്മൃതിയാവട്ടേ വേദാപേക്ഷിതമാണ്. അതിരില്ലാത്ത വേദം മുഴുവനും അല്പജ്ഞരായ നമ്മൾക്കു അറിവാൻ അസാദ്ധ്യമായിരിക്കയാൽ ദയാമൂർത്തികളായ ഋഷീശ്വരന്മാർ വേദാർത്ഥം ഓർമ്മിച്ചെഴുതിയ ഗ്രന്ഥങ്ങളത്രെ സ്മൃതികൾ. വേദവിരുദ്ധമായ വല്ല സ്മൃതിയുമുണ്ടെങ്കിൽ അതു പ്രമാണമായി ഗണിക്കാറില്ല. മുനിപുംഗവന്മാർ പറഞ്ഞതാണെങ്കിലും മനുഷ്യസഹജമായ പ്രമാദാദികൾ അനിവാര്യമാകയാൽ ആ സ്മൃതി അപ്രമാണംതന്നേ.

സ്മൃതിയേക്കാൾ ആചാരം ദുർബ്ബലമാകുന്നു.

സ്മൃത്യധീനമാണല്ലൊ ആചാരം. പൂർവ്വീകർ നടന്നതനുസരിച്ചു നടക്കുന്നതാണു് ആചാരം—സദാചാരം—ശിഷ്ടാചാരം. പണ്ടുള്ളവർ സ്മൃത്യർത്ഥം ആരാഞ്ഞറിഞ്ഞു അതുപ്രകാരം നടന്നിരുന്നു. ആ പാരമ്പര്യം അനുസരിക്കുക. അവരും നൈസർഗ്ഗികമായ അസൂയാദികൾ നിമിത്തം സ്മൃതിഭ്രഷ്ടമായ വല്ല ആചാരവും അനുഷ്ഠിക്കുന്നപക്ഷം അതും പ്രമാണമായി വിചാരിക്കാറില്ല.

മന്ത്രം, ബ്രാഹ്മണം എന്നു രണ്ടുതരത്തിൽ വേദത്തെ വിഭജിക്കാം. അതിൽ കർമ്മം (യാഗം) ചെയ്യുന്ന കാലത്തിൽ ഏതേതു സാധനങ്ങൾകൊണ്ടു ഏതേതു കാര്യങ്ങൾ ചെയ്യണമോ അതാതിനെ ഓർമ്മപ്പെടുത്തുവാൻ ഉപയോഗമുള്ളവയാണു മന്ത്രങ്ങൾ.

വിധി, അർത്ഥവാദം എന്നു രണ്ടുവിധത്തിലുണ്ടു് ബ്രാഹ്മണം. ഇവിടെ പറഞ്ഞ വിധിശബ്ദത്തിന്നു മുൻപറഞ്ഞപോലെ കർത്തവ്യമാത്രം പറയുന്ന വാക്യമെന്നർത്ഥമല്ല. വിധിനിഷേധങ്ങൾക്കു പൊതുവേയുള്ള പദമാണ്. അതായതു പ്രവർത്തനാനിവർത്തനങ്ങളെ കാണിക്കുന്ന വാക്യമെന്നു സാരം.

പ്രവർത്തനാനിവർത്തനങ്ങളെ പറയാത്ത വാക്യം അർത്ഥവാദം. കർമ്മത്തെയും അതിന്നു വേണ്ടുന്ന സാധനസാമഗ്രികളേയും കണക്കിലധികം സ്തുതിച്ചു അതിൽ മനുഷ്യന്നു് ആസക്തി—അഭിരുചി ഉണ്ടാക്കുകയും നിഷിദ്ധമായ കർമ്മങ്ങളെ അവ്വോളം നിന്ദിച്ചു അതിൽ ജനങ്ങൾക്കു വെറുപ്പു തോന്നിക്കുകയുമാണു് അർത്ഥവാദം ചെയ്യുന്നതു്. വിഹിതം അർത്ഥം അനുവദതി ഇതി അർത്ഥവാദം (വിധിക്കപ്പെട്ട കാര്യത്തെ അനുവദിക്കുന്നതു്.)

ദേവനെ ഉദ്ദേശിച്ചു ദ്രവ്യത്യാഗമാണു യാഗം. അതിനാൽ യാഗാനുഷ്ഠാനത്തിന്നു ദ്രവ്യദേവതകളുടെ ജ്ഞാനം അത്യാവശ്യമാകുന്നു. ദ്രവ്യദേവതകളെ ബോധിപ്പിക്കുന്ന അനേക വാക്യങ്ങൾ വേദത്തിലുണ്ടു്. ആ വാക്യങ്ങളെ അനായാസേന അറിവാൻ ഈ ശാസ്ത്രത്തിൽ അവയ്ക്കു നിർദ്ദേശിച്ച പാരിഭാഷികസംജ്ഞകളെ അവശ്യം മനസ്സിലാക്കേണ്ടതത്രെ.

ഇനി അവയെ വിവരിക്കാം

1. കർമ്മോൽപ്പത്തിവാക്യം. 2. ഗുണവാക്യം.
3. ഫലവാക്യം. 4. ഫലായഗുണവാക്യം
5. സഗുണകർമ്മോൽപ്പത്തിവാക്യം. ഇങ്ങനെ അഞ്ചു തരത്തിലാണു വിധിവാക്യങ്ങൾ.

1. കർമ്മമാത്രബോധകമായ വാക്യം കർമ്മോൽപ്പത്തിവാക്യം "അഗ്നിഹോത്രം ജുഹോതി" (അഗ്നിഹോത്രഹോമം അനുഷ്ഠിക്കണമെന്നുമാത്രം വിധിക്കുന്നു.)

2. വിഹിതമായ കർമ്മത്തിന്നു ഗുണംമാത്രം വിധിക്കുന്നതു ഗുണവാക്യം "ദധ്നാ ജുഹോതി" പ്രഥമവാക്യത്താൽ വിഹിതമായ ഹോമത്തിന്നു ദധിരൂപഗുണം (ദ്രവ്യം) മാത്രം വിധിക്കുന്നു. അന്യവാക്യങ്ങളാൽ വിഹിതമായതിനെ നിർദ്ദേശിച്ചു വിധിക്കുന്നതിന്നു് ഉദ്ദേശ്യം എന്നു പേർ. പ്രകൃതത്തിൽ "അഗ്നിഹോത്രം ജുഹോതി" എന്ന വാക്യത്താൽ പ്രാപ്തമായ ഹോമത്തെ നിർദ്ദേശിച്ചു "ദധ്നാ ജുഹോതി" എന്ന വാക്യം ദധിരൂപഗുണം വിധിക്കുന്നതിനാൽ ഹോമം, ഉദ്ദേശ്യം എന്നും ദധി, വിധേയം എന്നും പറയുന്നു. ഈ ഉദ്ദേശ്യവിധേയങ്ങൾക്കുതന്നെ ഓരോ നിമിത്താൽ അനുവാദ്യം, പ്രധാനം. ഉപാദേയം, ഗുണം എന്നും വ്യവഹരിക്കുന്നു.

ഇതരവാക്യത്താൽ പ്രാപ്തമായതിനെ വീണ്ടും പറയുന്നതിന്നു് അനുവാദ്യം മുഖ്യമായതിന്നു പ്രധാനം. പുരുഷപ്രയത്നത്തിന്നു വി

ഷയമായതിനെ ഉപാദേയം. അപ്രധാനമായതിനെഗുണം എന്നി പ്രകാരം വ്യവഹരിക്കുന്നു.

3. കർമ്മത്തിന്നു ഫലംമാത്രം വിധിക്കുന്നതു ഫലവാക്യം "അഗ്നിഹോത്രം ജുഹിയാൽ സ്വർഗ്ഗകാമ:".

4. അന്യവാക്യം കൊണ്ടു പ്രാപ്തമായ കർമ്മത്തിനെ ആശ്രയിച്ചു നൂതനഫലത്തിൻവേണ്ടി ഗുണം വിധിക്കുന്നതു് ഫലായ ഗുണവാക്യം "ദദ്നേന്ദ്രിയകാമസ്യജുഹിയാത്" (ഇന്ദ്രിയകാമൻദധിരൂപദ്രവ്യംകൊണ്ടു ഹോമിക്കണം).

ഈ വിധിവാക്യങ്ങളെതന്നെ മറെറാരു പ്രകാരത്തിലും വിഭജിച്ചിട്ടുണ്ടു്.

| | |
|---|---|
| 1 ഉല്പത്തിവിധി, | 2 വിനിയോഗവിധി, |
| 3 അധികാരവിധി, | 4 പ്രയോഗവിധി. |
| "അഗ്നിഹോത്രം ജുഹോതി" | ഉല്പത്തിവിധി |
| "വ്രിഹിഭിര്യജേത" | വിനിയോഗവിധി |

"അഗ്നിഹോത്രം ജുഹിയാത് സ്വർഗ്ഗകാമ:" അധികാരവിധി. യാഗഹോമാദികൾ ചെയ്യുവാനുള്ള ദ്രവ്യദേവതാദികളെ വിധിക്കുന്നതു വിനിയോഗവിധി.

കർമ്മോല്പത്തിവാക്യം = ഉല്പത്തിവിധി

ഗുണവാക്യം=വിനിയോഗവിധി

ഫലവാക്യം=അധികാരവിധി.

"അഗ്നിഹോത്രംജുഹിയാത് സ്വർഗ്ഗകാമ:" ഈ വാക്യത്തിൽ അഗ്നിഹോത്രഹോമംകൊണ്ടു സ്വർഗ്ഗം സമ്പാദിക്കണം എന്നു വിധിച്ചിരിക്കുന്നു. എങ്ങിനെയാണു് ഹോമംകൊണ്ടു സ്വർഗ്ഗം സമ്പാദിക്കുക എന്നൊരു ചോദ്യം ഉണ്ടാകും. അതിനു ഈ ശാസ്ത്രത്തിൽ "കഥം ഭാവകാംക്ഷ" എന്നു പറയുന്നു.

മഴകൊണ്ടു മരം മുറിക്കണം എന്നു പറഞ്ഞാൽ എങ്ങിനെ എന്ന ആകാംക്ഷ"യ്ക്കു മഴ എടുത്തുയർത്തി മരത്തിന്മീതേ ഇടുക എന്നതു പോലെ ഇവിടേയും "അഗ്നിംപ്രണയതി", അഗ്നിഷു സമിധ ആദധാതി" എന്നീ അംഗവിധികൾകൊണ്ടു വിഹിതങ്ങളായ പ്രണയനം, സമിദാധാനം, ആനയനം, ശോധനം മതലായ അംഗങ്ങളാ

ൽ ഉണ്ടാവുന്ന ഉപകരണങ്ങളോടുകൂടെ അഗ്നിഹോത്രഹോമം കൊണ്ടു സ്വൎഗ്ഗം നേടണം.

ഹോമത്താൽ സ്വൎഗ്ഗം സമ്പാദിക്കണം എന്നതു യുക്തിവിരുദ്ധമത്രെ. ഏററവും വേഗത്തിൽ നശിക്കുന്ന കൎമ്മത്താൽ ജന്മാന്തരത്തിൽ അനുഭവയോഗ്യമായ സ്വൎഗ്ഗം എങ്ങിനെ സമ്പാദിക്കും കൎമ്മങ്ങളെല്ലാം ക്ഷണികങ്ങളാണല്ലൊ. സ്വൎഗ്ഗം കാലാന്തര ഭോഗ്യവസ്തുവുമാണു്. ആയതിനാൽ ഇതുകളുടെ കാൎയ്യകാരണഭാവം അല്ലെങ്കിൽ സാദ്ധ്യസാധനഭാവം അനുപപന്നമല്ലെ? ശരി, വരട്ടെ.

ക്ഷണികങ്ങളായ കൎമ്മങ്ങൾക്കു കാലാന്തരഭാവിയായ സ്വൎഗ്ഗോല്പാദകത്വം ഉണ്ടെന്നു് ആപ്തതമമായ വേദത്തിൽ പറഞ്ഞിരിക്ക കൊണ്ടു കൎമ്മഫലങ്ങളുടെ മദ്ധ്യേ ഫലസഹകാരിയായ വ്യാപാരത്തെ അല്ലെങ്കിൽ "അപൂൎവ്വ"ത്തെ കല്പിക്കുന്നു.

പകൽ ഊൺകഴിക്കാത്ത ദേവദത്തൻ തടിച്ചിരിക്കുന്നു. എന്നു പറഞ്ഞാൽ അരോഗിയായ ദേവദത്തന്റെ സ്ഥൌല്യത്തിന്നു കാരണം അന്നമാണു്. അതു അവൻ പകൽ അനുഭവിക്കുന്നില്ലെങ്കിൽ രാത്രി തീൎച്ചയായും അനുഭവിക്കുന്നുണ്ടെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. അതുപോലെ ഇവിടേയും കർമ്മത്തിൻേറയും ഫലത്തിൻേറയും മദ്ധ്യത്തിൽ ഒരു വ്യാപാരം കല്പിക്കണം. ഇമ്മാതിരി സാക്ഷാൽ സാധനത്വമല്ല. ഈ "അപൂൎവ്വ"ത്തെ "ഫലാപൂൎവ്വം" എന്നു വ്യവഹരിക്കുന്നു. ഫലാപൂൎവ്വസാധനത്വം അംഗവിശിഷ്ടമായ പ്രധാനത്തിന്നേ സംഭവിക്കൂ. എന്തെന്നാൽ പ്രധാനത്തിന്നു തന്നേ ഫലാപൂൎവ്വസാധനത്വമുണ്ടെങ്കിൽ അതുകൊണ്ടുതന്നെ ഫലവും സിദ്ധിക്കുമെല്ലൊ. അപ്പോൾ അംഗങ്ങൾ അനാവിശ്യങ്ങളാണെന്നുവരും. അതുകൊണ്ടു അംഗവിശിഷ്ടപ്രധാനമാണു് ഫലാപൂൎവ്വസാധനം എന്നു വിശദമായി. പ്രധാനത്തിനും സ്വൎഗ്ഗത്തിനും മദ്ധ്യേ "അപൂൎവ്വ:" കല്പിച്ചമാതിരി പ്രധാനത്തിനും അംഗങ്ങൾക്കും മദ്ധ്യത്തിലും അംഗങ്ങൾക്കു പരസ്പരവും "അപൂൎവ്വ:" കല്പിക്കണം.

# അദ്ധ്യാപകന്മാരോട് *

(പുത്തേഴത്തു രാമമേനോൻ)

## I

അദ്ധ്യാപകന്മാരോട് ആജ്ഞാപിക്കുവാനല്ല അവരെ ഉപദേശിക്കുന്നതിനു തന്നെ ആർക്കാണ് അവകാശവും അധികാരവും? "പഠിപ്പിക്കുന്ന" അവരെ, "പഠിപ്പിക്കുവാൻ", പഠിപ്പിന്റെ പടിപ്പുരക്കു പുറത്തു കടന്നിട്ടുള്ളവർ ആരെങ്കിലും പുറപ്പെടണം. ഗുരുവും, ഗുരുനാഥനും, കുരുക്കളും കുറുപ്പുമൊന്നുമല്ലാതെ, ടീച്ചറും, മാസ്റ്ററുമായിപ്പരിണമിച്ചിരിക്കുന്ന ഇന്നത്തെ വാദ്ധ്യാന്മാർക്കു, ആ പേരു പറയുന്നതുതന്നെ ഏറെക്കുറെ അനുചിതമായിരിക്കും. "വാദ്ധ്യാർ" എന്നു കേൾക്കുമ്പോൾ,—ചില പഴയ സമൂഹമഠം വാദ്ധ്യാന്മാരുടെ ചിത്രം മനസ്സിൽ വെച്ചുകൊണ്ടു—ഒരു നെററിച്ചുളിവു, ചിലർക്കു, ചിലപ്പോഴുണ്ടാകാമെങ്കിലും, ആ പദത്തിൽ—വാദ്ധ്യാർ എന്ന വാക്കിൽ—വേദധ്വനി കലർന്നിരിക്കുന്നതുകൊണ്ടാണു, വേദവുമായി യാതൊരു ബന്ധമില്ലാത്തവരായ,—വെറും "മേമ്പൊടി"ക്കു പോലും വേദജ്ഞാനമില്ലാത്തവരായ—ഇന്നത്തെ വാദ്ധ്യാന്മാരെ —സ്കൂൾമാസ്റ്റർമാരെ—ആ പേരുകൊണ്ടു സംബോധനം ചെയ്യുന്നതിലുള്ള അനൌചിത്യത്തെ കുറിച്ചു സൂചിപ്പിച്ചതു്. അദ്ധ്യാപകശബ്ദത്തിലും, അദ്ധ്യാത്മികാർത്ഥസ്പർശിത്വമുള്ളതിനെ ഭയന്നിട്ടായിരിക്കണം, അവരൊക്കെ "ടീച്ചേർസ്" ആയി, വർഗ്ഗം തിരിഞ്ഞു മാറിനില്ക്കുന്നതു്. വർണ്ണഭേദവും, വർഗ്ഗവ്യത്യാസവും വളരെയധികമുള്ള ഒരു വലിയ ലോകം തന്നെ ഇന്നു് അവർക്കുണ്ടു്. ബോർഡു് സ്കൂൾ, മാനേജ്മെണ്ടു് സ്കൂൾ, ഗേൾസ് സ്കൂൾ, ബോയിസ് സ്കൂൾ, ട്രെയിനിങ്ങ് സ്കൂൾ, എലിമെന്ററി സ്കൂൾ, ഹയർ എലിമെന്ററി സ്കൂൾ, സെക്കണ്ടറി സ്കൂൾ എന്നിങ്ങിനെയുള്ള സ്ഥാപനങ്ങളുടെ സ്ഥിതിഗതികൾക്കനുസരിച്ചു, ടീച്ചേർസിന്റെ ജാതിയും, ഖ്യാതിയും വേതനങ്ങളും, വേദനകളും, ആദർശങ്ങളും, അനുഭവങ്ങളും, വിവിധങ്ങളും വ്യത്യസ്തങ്ങളുമായിരിക്കുന്നു. എല്ലാ

---

* കൊല്ലങ്കോട്ടും കൊടുവായൂരും വെച്ചു് ശ്രീ. മേനോൻ ചെയ്ത പ്രസംഗത്തിൽ, അദ്ധ്യാപകന്മാരെ സംബന്ധിക്കുന്ന ഭാഗത്തിന്റെ വിശദരൂപം.

വക്കംകൂടി പൊതുവിലുള്ളതു സംതൃപ്തിക്കുറവും സമരസന്നദ്ധതയുമാകുന്നു. വാദ്ധ്യന്മാരോടു വല്ലതും പറയാനുള്ള എൻെറ അവകാശത്തിൻെറ അടിസ്ഥാനം, എൻെറ രക്ഷകർത്തൃത്വത്തിലുള്ള എതാനും കുട്ടികൾക്കും, അവർ വാദ്ധ്യാന്മാരായിരിക്കുന്നതുമാത്രമാകുന്നു.

അഭിവന്ദ്യരായ അദ്ധ്യാപകന്മാരെ! ആദരാധിക്യംകൊണ്ടു് മാത്രം, അല്പം ചിലതു നിങ്ങളോടു പറയുവാൻ പുറപ്പെടുകയാണു്. അതു നിങ്ങൾക്കു് ആശ്വാസവും, ആവേശവും അരുളുമെന്നാണു ഞാൻ ആശിക്കുന്നതു്. അനുസരിച്ചില്ലെങ്കിലും, അവഹേളിക്കരുതെന്നു് അപേക്ഷിക്കയും ചെയ്യുന്നു. ആളെണ്ണം നോക്കുമ്പോൾ, നിങ്ങളുടെ "പട്ടാളം", വളരെ വലിയതാണു്. എന്നാൽ നിഗ്രഹമല്ല, അനുഗ്രഹമാണു, സംഗ്രഹമാണു, നിങ്ങളുടെ ഔദ്യോഗികപരിപാടി. മൂത്തവരോടോ, മുരടിച്ചവരോടോ അല്ല നിങ്ങൾക്കു പെരുമാറേണ്ടതു്. കുസുമപ്രായക്കാരായ കുട്ടികളോടാണു; മുതിൎന്നവരോടോ, ഉയൎന്നവരോടോ അല്ല, വളൎന്നു വരുന്ന വിദ്യാൎത്ഥികളോടാണു്; എല്ലാം അറിയാമെന്നു നടിക്കുന്ന "എമ്മെല്ലേ" മാരോടല്ലാ, ഒന്നുമറിയാത്ത, ഓമനക്കുഞ്ഞുങ്ങളോടാണു; രാഷ്ട്രത്തിൻെറ ഭരണപ്പുരക്കകത്തു, വേലിപൊളിച്ചും, ഓടുമാററിയും, ഓവകത്തുകൂടിയും, കയറിക്കൂടിയിട്ടുള്ള അധികാരക്കൊതിയന്മാരോടല്ല, സ്വാതന്ത്ര്യഭാരതത്തിൻെറ ഭാവിഭാവുകത്തിന്നു ഏകാശ്രയക്കാരായിത്തീരുന്ന വിശുദ്ധവിനിൎമ്മലഹൃദയകോരകങ്ങളോടാണു; ഭൂതകാലമഹിമയെ മായ്ക്കാതേയും, മറക്കാതേയും മാതൃഭൂമിയെ സംപുഷ്ടയും, സംതൃപ്തയുമാക്കാനിരിക്കുന്ന ഭാവിപൌരന്മാരോടാണു്. അത്രയും നിങ്ങളറിഞ്ഞാൽ, ആലോചിച്ചാൽ, വിസ്മരിക്കാതിരുന്നാൽ, നിങ്ങളുടെ ഹൃദയങ്ങളിൽ ശാന്തിയും, പ്രവൃത്തികളിൽ സൌന്ദൎയ്യവും അനുഭവങ്ങളിൽ സന്തുഷ്ടിയും, സമ്പൂൎണ്ണമാവും.

നിങ്ങളുടെ അവശതകളും, അസൌകൎയ്യങ്ങളും, പ്രതിഫലക്കുറവു ളും പ്രോത്സാഹനരാഹിത്യങ്ങളും ഒന്നും ഞാൻ വിസ്മരിക്കുന്നി വിട്ടുകളയുന്നില്ല. അവയെക്കുറിച്ചു എന്നെപ്പോലെ അത്രയും രനുകമ്പാപൂൎവ്വം വീക്ഷിക്കുന്നവർ ചുരുക്കമായിരിക്കും. എങ്കിലും, ഇപ്പോൾ ഞാൻ, മററു കാൎയ്യങ്ങളിൽ ഒന്നു മനസ്സിരുത്തട്ടെ. ഒരു പതിനഞ്ചു വയസ്സിന്നു താഴെയുള്ള, ബാലികാബാലന്മാരെല്ലാം, ഭാരതത്തിലെ ബാല്യസമ്പത്തു മുഴുവനും, നിങ്ങളുടെ കൈപ്പടങ്ങളിലാണു, രൂപം കൊള്ളുവാനും ഭാവം ഉറയ്ക്കുവാനും വിഹരിക്കുന്നതും വിശ്രമിക്കുന്നതും. അവരെ നിങ്ങൾ, എങ്ങിനെ

രൂപപ്പെടുത്തുകയും, ഭാവപ്പെടുത്തുകയും ചെയ്യുന്നുവോ, അതനുസരിച്ചിരിക്കും, ഭാവിഭാരതത്തിന്റെ നിലയും, നിലക്കേടും, വിലയും, വിലക്കേടും. കൊച്ചുവിദ്യാൎത്ഥികളെ, യഥേഷ്ടം രൂപപ്പെടുത്താവുന്ന, നനഞ്ഞ മണ്ണുരുളകളായി, ചില ചിന്തകന്മാർ, ചിത്രീകരിച്ചിട്ടുണ്ടു്. പണിക്കാരന്റെ പാണിമുദ്രകൾ പോലും, പതിയത്തക്കവിധം, അവ, സ്നിഗ്ദ്ധങ്ങൾ മാത്രമല്ല, മുഗ്ദ്ധങ്ങൾ കൂടിയാകുന്നു. മണ്ണുരുളകളെക്കൊണ്ടു യഥേഷ്ടം, ചട്ടികലങ്ങളുണ്ടാക്കുന്ന കുംഭാരന്മാൎക്കു, നമ്മുടെ നാട്ടിൽ, "കുശവന്മാർ" എന്നൊരു വൎഗ്ഗനാമംകൂടി, പറഞ്ഞുവരാറുള്ളതുകൊണ്ടു്, സൎക്കാർ അധികാരികൾ നിങ്ങളെ, ആ കാരണം കാണിച്ചു, "കുശവന്മാരാ"ക്കി പുറംതള്ളിയിരിക്കുകയാണെന്നു്, അനുഭവപ്പെടാത്ത, തിരസ്കൃത നിവേദനങ്ങളുടെ വെളിച്ചത്തിൽ, നിങ്ങൾ അരിശം കൊള്ളുന്നുണ്ടായിരിക്കും ! അതു്, അവരുടെ അനവധാനതയാണു്. അസഹനീയമായ ആലോചനക്കുറവാണു്. ഒന്നാമതു്, ചട്ടികലങ്ങളാണു്, ഇന്ത്യയിലെ ഭൂരിപക്ഷത്തിന്റെയും, നിത്യോപയോഗസാധനങ്ങൾ. രണ്ടാമതു്, പ്രപഞ്ചകൎത്താവായ ബ്രഹ്മാവാണു്, കുശവന്മാരുടെ കൂടസ്ഥനും, കുലദൈവവും. അതുകൊണ്ടു്, ആ സ്ഥാനദാനകാൎയ്യത്തിൽ പരിഭവം തോന്നാതെ, പരിതോഷംപൂണ്ടുകൊണ്ടു, പൂൎവ്വാധികം, കൎത്തവ്യനിരതരാകുകയാണു വേണ്ടതു് !

മററു പലതിനും, വേറെ പലൎക്കും, അമിതമായും, അനാവശ്യമായും, പലപ്പോഴും വെറും അഹങ്കാരപ്രകടനത്തിന്നായും, വമ്പിച്ച, പണച്ചിലവുകൾ ചെയ്യുന്ന ഗവൎമ്മെണ്ടുകൾ, ഒരിക്കലും നീട്ടിവെക്കുവാനോ, നിൎത്തിവെക്കുവാനോ വയ്യാത്തതും; പ്രാധാന്യതയും, പ്രഥമസ്ഥാനവും അർഹിക്കുന്നതുമായ വിദ്യാഭ്യാസത്തിന്റെ ആദ്യകാലഘട്ടത്തെക്കുറിച്ചു, കാൎയ്യമായൊന്നും ചിന്തിക്കുന്നതുപോലുമില്ലെന്നതോന്നും, പ്രൈമറി, സെക്കണ്ടറി വിദ്യാലയങ്ങളുടെ വിരളതയും, ഉള്ളവയുടെ ദയനീയാവസ്ഥയും, അവയിലെ അദ്ധ്യാപികാദ്ധ്യാപകന്മാരുടെ നരകജീവിതവും പാഠപുസ്തകങ്ങളുടെ പുറപ്പാടും കണ്ടാൽ ! ആദരാനുകൂല്യങ്ങൾ, അങ്ങേ അററത്തോളം അധഃപ്പതിച്ചുപോയ ഒരു വകുപ്പായിത്തീൎന്നതുകൊണ്ടു, അന്യാശ്രയങ്ങളും, അന്യതുറകളിൽ പ്രവേശവും ഇല്ലാത്തവരായ ഒരുതരം, "അധഃകൃത"രാണു്, പ്രായേണ "ടീച്ചിംഗ് പട്ടാളത്തിൽ" ചേൎക്കപ്പെടുന്ന വ്യക്തികളെന്നു, പറയേണ്ടിവന്നിരിക്കുന്നതിൽ വ്യസനിക്കുന്നു. പഠിപ്പിക്കുന്നതു, പഠിക്കുന്നതിനെക്കാൾ ക്ലേശഭൂയിഷ്ഠവും, ശ്രമസാദ്ധ്യവുമാ

UNIVERSITY LIBRA

ണെന്നുള്ള ബോധമില്ലാതെ, ശാന്തമായ മനസ്സും, ക്ഷമാപൂർണ്ണമായ പെരുമാററവും, സ്നേഹമസൃണമായ ഹൃദയവും, ഈ വകുപ്പിൽ, അറിവിനെക്കാഠം അധികം ആവശ്യമായ പ്രവണതകളാണെന്നു മനസ്സിലാക്കാതെ, ഏറെറടുക്കുന്ന പ്രവൃത്തിയുടെ ദൂരവ്യാപകങ്ങളായ ഫലാനുഭവങ്ങളെ പരിഗണിക്കാതെ, പലരും തല്ക്കാലനിവൃത്തിക്കായും, "ഇരുന്നിട്ടു കാലുനീട്ടാം" എന്ന നയം സ്വീകരിച്ചുകൊണ്ടും, തങ്ങഠംക്കു തീരെ യോജിക്കാത്തതായ "ടീച്ചർ വേല"ക്കു, വലിഞ്ഞു കയറാറുണ്ടെന്നുള്ളതും നിങ്ങഠം തീരെ നിഷേധിക്കുകയില്ലെന്നു വിശ്വസിക്കുന്നു. വിദ്യാഭ്യാസത്തിന്നുള്ള സകല സൌകര്യങ്ങളും, ഏതൊരു പൌരന്നുമുണ്ടായിരിക്കുമാറ്, ആ വകുപ്പിനെ, കാര്യക്ഷമമാക്കുന്നതാണു, ഗവർമ്മെണ്ടിന്റെ സുനിശ്ചിതനയമെന്നു്, ഇയ്യിടെ കേരളത്തിലെ വിദ്യാഭ്യാസമന്ത്രിതന്നെ, ഒരു പ്രക്ഷേപണിപ്രസംഗത്തിൽ പ്രസ്താവിച്ചുകേട്ടു. എന്നാൽ, ആ വകുപ്പിനെപോലെ, ഇത്ര അനാഥമായും, അനാദരിക്കപ്പെട്ടും കിടക്കുന്ന ഒരു വകുപ്പും വേറെ ഇല്ലതാനും. അശ്രദ്ധയും, അസംതൃപ്തിയും, അടുത്തകാലത്തുവെച്ചു് അക്രമവാസനപോലും വളർത്തിച്ചുവരുന്ന ഒരു "തരിശുഭൂമി"യായിട്ടാണു്, അതിന്റെ കിടപ്പു്! "സ്ട്രൈക്കി"നും, സത്യാഗ്രഹത്തിനും, നിരാഹാരവ്രതത്തിനും, നിരന്നുകൊണ്ടുള്ള പ്രതിഷേധപ്രകടനങ്ങഠംക്കും, അദ്ധ്യാപകസംഘടനകഠം, സന്നദ്ധമാകുന്നതായ കാഴ്ച, കണ്ണും കരളുമുള്ളവരെ, കരയിപ്പിക്കാതെയും, വ്യസനിപ്പിക്കാതെയുമിരിക്കയില്ല ആ ദുസ്ഥിതിയുടെ ദുരന്തതയെ ചൂണ്ടിക്കാട്ടുവാനല്ലാതെ, അതിന്റെ ന്യായാന്യായങ്ങളെ വിശദീകരിക്കാനായിട്ടല്ല, ഇത്രയും പറഞ്ഞതു്. എന്നാൽ, എത്രയൊക്കെ ന്യായീകരിക്കാവുന്നതും, ആവശ്യമായിരിക്കാവുന്നതുമായിരുന്നാലും, ഭാവിപൌരന്മാക്കു മാതൃകയും, പാരമ്പര്യവും സൃഷ്ടിക്കുവാൻ ചുമതലപ്പെട്ട അദ്ധ്യാപകലോകം, ഒരിക്കലും, അപ്രകാരമുള്ള പ്രകടനപ്രേമബദ്ധമാകരുതെന്നാകുന്നു, എന്റെ ദൃഢാഭിപ്രായം.

കോളേജുകളിലെ "പ്രൊഫസ്സർ"മാരുടെ നേക്കു കാണിക്കുന്നതിൽ തുലോം കുറുതലായ, ദയാദാക്ഷിണ്യാദികളും, സഹായാനുകൂല്യാദികളും അധികൃതന്മാർ പ്രൈമറി സെക്കണ്ടറി സ്കൂഠം ടീച്ചർമാരുടെ നേക്കു പ്രദർശിപ്പിക്കുകയും, അനുഭവപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. മിക്കവാറും പ്രായപൂർത്തിയോടുകൂടിയും ഒരു പത്തു കൊല്ലത്തെയെങ്കിലും അദ്ധ്യയനത്തിനുശേഷവും നൈസർഗ്ഗികങ്ങളായ വാസനാദികളുടെ വികാസീകരണം സാധിച്ചതിൽ പിന്നീടും

ഉപരിവിദ്യാഭ്യാസത്തിന്നുവേണ്ടി കോളേജുകളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ ഏറെക്കുറെ തങ്കാര്യസിദ്ധിക്കു സ്വയം പ്രയത്നിക്കുന്നതിന്നു പ്രാപ്തന്മാരും, മാർഗ്ഗനിർദ്ദേശങ്ങളും മേൽനോട്ടങ്ങളും മാത്രം ആവശ്യമായിട്ടുള്ളവരുമാകുന്നു. എന്നാൽ, അവരെ അപ്രകാരമുള്ളവരാക്കുന്ന ഭാരവും ചുമതലയും വഹിക്കുന്ന ടീച്ചർമാർ അവരുടെ കൃത്യനിർവ്വഹണത്തിൽ നിഷ്ണാതന്മാരും നിർമ്മലമാനസന്മാരുമായിരിക്കുന്നില്ലെങ്കിൽ അടിയും മുകളും ഒരുപോലെ "ശുദ്ധശൂന്യ"മായിപ്പോകുന്നതാകുന്നു. "എണ്ണംകൂടുതൽ"ഒരു കാരണമായിപ്പറഞ്ഞു, ടീച്ചർമാരെ അവഗണിക്കുന്നതിന്നും അർത്ഥമില്ല; ടീച്ചർമാരുടെ ശിഷ്യഗണങ്ങളുടെ എണ്ണവും; അതുപോലെതന്നെ "വണ്ണ"മുള്ളതും കോളേജുകാരോടു താരതമ്യപ്പെടുത്തിയാൽ അജഗജാന്തരമുള്ളതുമാകുന്നു. പ്രത്യേകിച്ചും പ്രൈമറി ടീച്ചർമാരെ "വൈററനർബസ്സ്" (മുലകൊടുത്തു വളർത്തുവാൻ നിശ്ചയിക്കപ്പെടുന്ന ആയമാർ) എന്നു കരുതേണ്ടതാകുന്നു. കുട്ടികൾ ആരോഗ്യവും ആയുസ്സും മാത്രമല്ല,. ഭാവിയിലെ മാനസിക ആദ്ധ്യാത്മിക പ്രവണതകൾ എല്ലാംതന്നെയും ആനോട്ടക്കാരത്തിയെ ആശ്രയിച്ചാണു നില്ക്കുന്നതു്. അതുപോലെതന്നെ അഞ്ചും ആറും വയസ്സുള്ളപ്പോൾ സ്കൂളിൽ ചെന്നു കൂടുന്ന കുട്ടി പ്രൈമറി കഴിഞ്ഞു പുറത്തു കടക്കുന്നതോടുകൂടി അവന്റെ ഭാവിയുടെ കളം വരക്കൽ അവനറിയാതെതന്നെ നിർവ്വഹിച്ചുകഴിഞ്ഞിരിക്കും; അതുകൊണ്ടു് ഏററവും ശ്രദ്ധയോടും വിവേകത്തോടുംകൂടിവേണം പ്രൈമറി ടീച്ചർമാരുടെ നിയമനം. അവരുടെ മാനസികമായ ആരോഗ്യാദികളിൽ നല്ല നിഷ്കർഷ ചെലുത്തുകയും വേണം. സെക്കണ്ടറി കാര്യവും ഇതിൽനിന്നു് അധികം വ്യത്യസ്തമല്ല.

## II

അദ്ധ്യാപകന്മാരോടു്, അവരുടെ സ്വന്തങ്ങളായ സന്താപാദികളെ തല്ക്കാലത്തേക്കു മാററിവെച്ചുകൊണ്ടു് അവശ്യം ആവശ്യമായ ചില കാര്യങ്ങൾ പറയുവാനാണല്ലോ, ഞാൻ ആരംഭിച്ചതു്. അതിന്നിടക്കു നിങ്ങളുടെ ഇന്നത്തെ ചുററുപാടുകളേയും ഒരു വിഹഗവീക്ഷണം നടത്തി എന്നേ ഉള്ളൂ. നിങ്ങളോടു പറയുവാനുദ്ദേശിച്ച വിഷയങ്ങളെത്തന്നെ ഇനി പരാമർശിക്കട്ടെ. പലതും നിങ്ങളോടു പറയുവാനുണ്ടെങ്കിലും അവയിൽ അതി പ്രധാനങ്ങളെന്നു തോന്നുന്ന നാലു സംഗതികളാണു നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ വിചാരിക്കുന്നതു്.

ഒന്നാമതായി നമ്മുടെ വിദ്യാഭ്യാസത്തിൽെറ സ്വരൂപാദികൾക്കും ഉദ്ദേശാദൎശാദികൾക്കുതന്നെയും നാം സ്വതന്ത്രരായതോടുകൂടി വലുതായ മാററങ്ങൾ സംഭവിച്ചിട്ടുണ്ട്. സ്കൂളിൽ ചേൎന്നു പഠിച്ച് പാസ്സും ഡിഗ്രിയും സമ്പാദിച്ച സൎക്കാരുദ്യോഗത്തിൽ പ്രവേശിച്ച മാന്യനായും ധനാഢ്യനായും കഴിഞ്ഞു പെൻഷ്യൻപററി സുഖമായി സ്വകുടുംബങ്ങളോടുകൂടി കഴിഞ്ഞുകൂടുക എന്നതായിരുന്നു—അതു മാത്രമായിരുന്നു — ബ്രിട്ടൻെറ ഭരണകാലത്തു വിദ്യാഭ്യാസവിഷയത്തിൽ നമ്മുടെ ആഗ്രഹവും ഉദ്ദേശവും. അന്നത്തെ വിദ്യാഭ്യാസമുറകളും തദനുസാരങ്ങളായിരുന്നു. പഠിച്ചവ ക്കെ അന്തസ്സും ആഭിജാത്യവും നടിച്ച പൊതുജനങ്ങളിൽനിന്നു് അ... ഉയൎന്നും നിന്നിരുന്ന ഒരു അനുഗ്രഹീതവൎഗ്ഗക്കാരായിരുന്നു. അവൎക്കും സാധാരണ ജനങ്ങൾക്കും തമ്മിലുണ്ടായിരുന്ന അകലിച്ച വിസ്തൃതവും അഗാധവുമായിരുന്നു. രാജ്യത്തിൻെറ സാൎവ്വത്രികവും സാമാന്യവുമായ സമുൽക്കൎഷത്തിന്നു് അതൊരു സഹായകവുമായിരുന്നില്ല! ആ സമ്പ്രദായം ഇന്നു തീരെ മാറിയിരിക്കുന്നു. ഉദ്യോഗത്തിന്നു വേണ്ടിയുള്ള പഠിപ്പും പഠിച്ചവരുടെ അഗമ്യതയും "ഡിഗ്രി"കളോടുള്ള അമിതാദരവും എല്ലാവൎക്കും ഉദ്യോഗം കിട്ടുമെന്ന മോഹവും "ഇങ്ങിനിവരാതവണ്ണം" പമ്പകടന്നു കഴിഞ്ഞിരിക്കുന്നു. സ്വഭാവസംസ്കരണം, സേവനസന്നദ്ധത, പൊതുജനക്ഷേമതല്പരത, ഉന്നതാദൎശങ്ങളോടു കൂടിയ ലഘുജീവിതം, സാമാന്യമായ ജ്ഞാനസമ്പാദനം, രാജ്യോന്നതിക്കു വേണ്ടിയുള്ള കാൎയ്യക്ഷമത, ഇവയാണിന്നത്തെ ആവശ്യങ്ങളും ആദൎശങ്ങളും. നാട്ടുപുറങ്ങളിലേക്കിറങ്ങി, നാട്ടുകാരോടുകൂടി, തോളോടുതോളു ചേൎന്നു്, അവരുടെ ജീവിതത്തോടു് അലിഞ്ഞുചേൎന്നു പ്രവൃത്തിച്ച് അവൎക്കും, തങ്ങൾക്കും, നാട്ടിന്നു് ഒട്ടാകയും, സകലവിധ സമുന്നതിയും, സമ്പാദിക്കുവാൻ സന്മനസ്സും, സഹനശക്തിയും, സാമാന്യജ്ഞാനവുമുള്ള പൌരാവലിയുടെ സൃഷ്ടിയാണിന്നത്തെ, വിദ്യാഭ്യാസത്തിൻെറ പരമലക്ഷ്യം. നമ്മുടെ "പ്രയിംമിനിസ്റ്റർ ശ്രീ. നെഹറു"വും, മററും, ദിവാനിശം, ആ ലക്ഷ്യത്തെ ഉയൎത്തികാണിക്കുകയും, വിടത്തിപ്രദൎശിപ്പിക്കുകയും ചെയ്തുകൊണ്ടുമിരിക്കുന്നുണ്ടു്. ഈ വമ്പിച്ച മാററത്തെ കുറിച്ചും, അതിൻെറ പ്രത്യാഘാതങ്ങളെ കുറിച്ചും; അക്കാൎയ്യത്തിൽ അദ്ധ്യാപകന്മാർ നിൎവ്വഹിക്കേണ്ടതായ പങ്കിനെ കുറിച്ചും, നിങ്ങൾ, രാജ്യസ്നേഹത്തോടും, കൎത്തവ്യബോധത്തോടുംകൂടി, ഗാഢമായി ചിന്തിക്കണമെന്നാണു്, ആദ്യമായി എനിക്കു നിങ്ങളോടു

പറയുവാനുള്ളതു്.

രണ്ടാമത്, ഇന്നത്തെ തലമുറക്കാരായ കൊച്ചു പൈതങ്ങളുടെ മാനസികപ്രവണതകളും, ബുദ്ധികൂർമ്മതയും, പണ്ടത്തെക്കാൾ വളരെയധികം വികസിതങ്ങളാണെന്നു്, എനിക്കുള്ള അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിയുള്ള, ഒരു താക്കീതാണു നിങ്ങൾക്കു നൽകുവാനുള്ളതു്. ഇപ്പോഴത്തെ ശിശുക്കളെ, എങ്ങിനെയാണ് എളുപ്പത്തിൽ പഠിപ്പിക്കുക എന്നു വിചാരിച്ചു വലയുന്നവരാണ്, അധികൃതന്മാരെങ്കിലും, കിണ്ടർഗാർട്ടനോ, മോണ്ടിസോറിയോ, ചിത്രപ്രദർശനമോ, ഏതായാലാണ് കുട്ടികൾ എളുപ്പത്തിൽ ഓരോന്നു പഠിക്കുക എന്നറിയാതെ പരിഭ്രമിക്കുന്നവരാണ് അവരെങ്കിലും, ശിശുക്കൾക്കു നിശ്ചയിച്ചിട്ടുള്ള പാഠപദ്ധതികൾ കണ്ടാൽ അവരൊക്കെ, തങ്ങളുടെ ശിശുപ്രായകാലത്തിലേക്കാൾ അഭിവൃദ്ധിയും, ഗ്രഹണശക്തിയും കുറഞ്ഞുപോയവരായിപ്പോയെന്നു് അവർ വ്യസനിക്കുന്നതുപോലെ കാണപ്പെടുന്നുണ്ടെങ്കിലും, എൻെറ, സ്വന്തം അഭിപ്രായത്തിലും അനുഭവത്തിലും സംഗതികൾ നേരെ മറിച്ചാകുന്നു. പണ്ടില്ലാതിരുന്ന ബുദ്ധികൂർമ്മതയും, സൂക്ഷ്മാവലോകപടുതയും, ഇന്നത്തെ കുട്ടികൾക്കു, വളരെ കൂടുതലുണ്ടെന്നാണ് എനിക്കു തോന്നീട്ടുള്ളതു്. രണ്ടും മൂന്നു വയസ്സുള്ളപ്പോൾതന്നെ, നമ്മുടെ ഇന്നത്തെ ശിശുക്കൾ, പ്രദർശിപ്പിക്കുന്ന പല പ്രവണതകളും, ചെയ്യുന്ന പല ചോദ്യങ്ങളും, ധരിച്ചു കഴിയുന്ന പല കാര്യങ്ങളും, അര നൂററാണ്ടിനുമുമ്പുണ്ടായിരുന്ന അത്തരം കുട്ടികൾക്കു്, അപ്രാപ്യങ്ങളായിരുന്നു എന്നു ശിശുക്കളെക്കുറിച്ചു പരിശോധിച്ചിട്ടുള്ളവരൊക്കെ സമ്മതിക്കുമെന്നാണു്, എൻെറ വിശ്വാസം. ഹരിശ്രീ മുതലാരംഭിച്ചു പണ്ഡിതസാർവ്വഭൗമന്മാരും, വിവിധവിഷയങ്ങളിൽ പ്രസിദ്ധ വിദ്വാന്മാരുമായിട്ടുള്ള നമ്മുടെ നാട്ടിൽ, ഇന്നിപ്പോൾ പട്ടിയേയും പൂച്ചയേയും കാണിച്ചു കൊണ്ടുവേണമത്രെ വിദ്യാരംഭം! ഹരിശ്രീ പോയതോടുകൂടി, വിദ്യാഭ്യാസത്തിൽനിന്നു്, ഹരി മാത്രമല്ല, ശ്രീയും പുറത്തു പോയിരിക്കുന്നു. നാം പഠിച്ചമാതിരിയൊന്നും പഠിക്കുവാനുള്ള യോഗ്യത നമ്മുടെ സന്താനങ്ങൾക്കില്ലെങ്കിൽ അതിനുള്ള കുററം പേറേണ്ടതു നാംതന്നെയാകുന്നു. തന്നിമിത്തം എലിമെൻററി, പ്രൈമറി, വിദ്യാലയങ്ങളിലെ ടീച്ചർമാർക്കുള്ള ഭാരവും ചുമതലയും, പ്രത്യേകിച്ചും, പ്രയാസമേറിയതാകുന്നു. ഛായാഗ്രഹണയന്ത്രത്തിൻെറ ലോലതയും. ഗ്രഹണവേഗതയും, സ്ഥിരതയും കൂടിയ ശിശുഹൃദയങ്ങളു

ടെ മുമ്പിലാണ്; നിങ്ങൾ നില്ക്കുന്നതെന്ന് ഒരിക്കലും മറക്കാതിരിക്കണം. ഒന്നും അറിയാത്തവരും, അറിവാനാവാത്തവരുമാണ്, ആ "പററങ്ങൾ" എന്നു തെററിദ്ധരിച്ചു പോകരുതു്. ഓരോരുത്തനും അവനവന്റേതായ പൂർവ്വസ്വത്തുകളോടുകൂടി—വാസനാസഞ്ചയത്തോടുകൂടി—ജീവിതവ്യാപാരത്തിന്നു വീണ്ടും വന്നിറങ്ങിയിരിക്കയാണെന്നുള്ള പരമതത്വം ഒരിക്കലും മറക്കാതിരിക്കേണ്ടതാകുന്നു. തളിരുകളും പുഷ്പങ്ങളുമാണു നിങ്ങളുടെ മുമ്പിലിരിക്കുന്നവർ. അവ പൂജക്കുള്ളവയാണ്. ഭക്തിശ്രദ്ധാദികളോടുകൂടിയ ജഗദീശ്വരപൂജക്കും, മാതൃപൂജക്കും ദേവിയുടെ പാദപൂജക്കും. ആ പൂജയിലാണ് ഫലപ്രാപ്തി.

ഇനിയൊന്നു പറയാനുള്ളതു, നിങ്ങൾക്ക് അല്പവും തൃപ്തികരമായിരിക്കില്ലെന്ന്, എനിക്കറിയാമെങ്കിലും, വളരെ സാരമായ ഒരു കാര്യമാണതെന്നുള്ളതുകൊണ്ടു, ഇഷ്ടാനിഷ്ടങ്ങളെ പരിഗണിക്കാതെയും പറയുന്നു. നിങ്ങളിൽ പരക്കെ ഒരു തൊഴിലാളിമനസ്ഥിതി കടന്നുകൂടീട്ടുണ്ടു്. എന്നുവെച്ചാൽ, ആ കൂലിക്ക് ഈ പണി മതി എന്ന ഭാവവും, "പണി എങ്ങിനെയിരുന്നാലും, കൂലി കിട്ടണം—അതു കൂടിക്കൂടി കിട്ടണം". എന്ന വിചാരവും! തൊട്ടുംപിടിച്ചും നേരം കളയണം, എന്നല്ലാതെ, ഇന്നത്തെ തൊഴിലാളികൾക്കൊരു ചിന്തയുമില്ല. അതോടുകൂടി, അവരുടെ നിലയും, പ്രവൃത്തിയുടെ കഥയും പരുങ്ങലിലായിത്തീരുന്നു. പ്രിയപ്പെട്ട അദ്ധ്യാപകന്മാരെ! നിങ്ങൾ അത്തരം തൊഴിലാളികളാവരുതു്. "യല്ലഭസേ നിജകർമ്മോപാത്തം, വിത്തം തേന വിനോദയ ചിത്തം" എന്നതായിരിക്കണം നിങ്ങളുടെ മനഃസ്ഥിതി. വേതനം പോരെങ്കിൽ, വേല വേണ്ടെന്നുവെയ്ക്കുന്നതിൽ ഒരു തെററുമില്ല, ന്യായക്കേടുമില്ല, ധർമ്മലോപവുമില്ല. എന്നാൽ കിട്ടുന്നതോ, കിട്ടിയതോ പോരെന്നുവെച്ചു കർത്തവ്യവിമുഖരും, പ്രവൃത്തിയിൽ അശ്രദ്ധരുമാകുന്നവർ, അധർമ്മാചാരന്മാരും, അപരാധികളും, ആത്മവഞ്ചകന്മാരും ആയിരിരിക്കും! നിങ്ങളുടെ കാര്യത്തിൽ, അതിന്നുംപുറമെ, ഒരു രാജ്യത്തിന്റെ ഭാവിയെ മുഴുവൻ കെടുത്തുക എന്ന മഹാപാപം കൂടിയുണ്ടായിരിക്കുന്നതാണ്! ശമ്പളത്തിന്റെ പോരായ്മയെ പരിഗണിക്കാതെ, അതിനെ പ്രവൃത്തിയുടെ മാഹാത്മ്യത്തെ മലിനപ്പെടുത്തുവാൻ അനുവദിക്കാതെ, കൂടുതൽ എടുക്കുന്നതിന്നുള്ള ഒരു മാർഗ്ഗമായി കർത്തവ്യലോപത്തെ സ്വീകരിക്കാതെ, നിങ്ങൾ അദ്ധ്യാപകന്മാരായിരിക്കുന്നേടത്തോളം കാലം, ആത്മാർത്ഥതയോടുകൂടി, നിങ്ങളുടെ

കഴിവിൻെറ അററത്തോളം, പ്രവൃത്തിക്കണമെന്നാണെൻെറ അഭിപ്രായവും, ഉപദേശവും. കൂലിക്കാർ മുതൽ, മന്ത്രിപുംഗവന്മാർ വരെ അറിഞ്ഞിരിക്കേണ്ടതും, ആദരിക്കേണ്ടതുമായ ഒരു തത്വമാണിതു്. അതിൻെറ വിസ്മൃതിയാണിന്നു്, ഇന്ത്യക്കു സംഭവിച്ചിരിക്കുന്ന ഏററവും വലിയ ആപത്തെന്നു ഞാൻ കരുതുന്നു.

നാലാമതായി നിങ്ങളെ ഉൽബോധിപ്പിക്കാനുള്ളതു നിങ്ങളുടെ അരിശവും അതൃപ്തിയും അല്പംപോലും ശിശുക്കളായ ശിഷ്യഗണങ്ങൾ അറിയുവാൻ അവസരമുണ്ടാക്കിപ്പോകരുതെന്നാണു്. സ്വയംകൃതങ്ങളും അധികൃതന്മാരുടെ അന്ധതയാലും അഹങ്കാരത്താലും വന്നുചേൎന്നവയും, വിധിവൈപരീത്യമെന്നു വിചാരിക്കപ്പെടാവുന്നതായും ആയ അനേകം സങ്കടങ്ങൾ നൈരാശ്യങ്ങൾ ഈൎഷ്യാകാരണങ്ങൾ നിങ്ങളിൽ പലൎക്കുമുണ്ടാവാം. എന്നാൽ അതിൽ ഒന്നിനുപോലും ഒട്ടെങ്കിലും നിങ്ങളുടെ ആ കൊച്ചുശിഷ്യന്മാർ ഉത്തരവാദികളല്ല. ഒന്നുപോലും അവർ വിചാരിച്ചാൽ പരിഹരിക്കപ്പെടാവുന്നതുമല്ല. ആ സ്ഥിതിക്കു നിഷ്കളങ്കഹൃദയന്മാരായി, ഉന്മേഷവദനന്മാരായി, ഉത്സാഹഭരിതന്മാരായി ടീച്ചറുടെ ആഗമനം പ്രതീക്ഷിച്ചു പൂംപാററകളെപ്പോലെ പരിലസിക്കുന്ന കുട്ടികളുടെ നേരെ നിങ്ങളുടെ മനക്ഷോഭത്തിൻെറ കണികപോലും കാണിക്കുന്നതു കഷ്ടാൽ കഷ്ടതരമായിരിക്കും. അവർ കാണുവാൻ ആഗ്രഹിക്കുന്നതും അവൎക്കു് ആവശ്യമുള്ളതും, സ്നേഹമസൃണമായ പുഞ്ചിരിയോടുകൂടിയ ഗുരുനാഥമുഖങ്ങളെയാണു്. ജീവിതത്തിൻെറ ദുരന്താനുഭവങ്ങൾ അറിഞ്ഞിട്ടില്ലാത്ത പിഞ്ചുഹൃദയങ്ങളിൽ, അവയുടെ നിഴൽപോലും ബാധിക്കുവാൻ, നിങ്ങൾ, ഒരിക്കലും, കാരണക്കാരാകരുതു്. "അങ്ങാടിയിൽ തോററാൽ അമ്മയോടു്" എന്ന നയം നിങ്ങളാരും ക്ലാസ്സിൽ കാണിക്കരുതെന്നു താല്പൎയ്യം. പ്രസന്നവദനരായി പ്രബുദ്ധമതികളായി, ഉല്ലാസഹൃദയരായി, സ്നേഹവാത്സല്യമൂൎത്തികളായി വേണം, ക്ലാസ്സിൽ കയറുവാനും, കുട്ടികളോടു പെരുമാറുവാനും. അല്ലാത്തപക്ഷം, നിങ്ങൾ പരാജയമടയുന്നതിനുപുറമെ, അവൎക്കു നിങ്ങളോടുള്ള ഭക്തിബഹുമാനാദികൾ നഷ്ടപ്പെടുകയും, ലോകത്തെത്തന്നെ അവർ തെററിദ്ധരിച്ചു പോകുകയും ചെയ്യും. അവരുടെ ശുഭാപ്തിവിശ്വാസവും, സന്തോഷവും അവയുടെ അങ്കുരാവസ്ഥയിൽതന്നെ, പാടെ നശിപ്പിച്ചുകളഞ്ഞ മഹാപരാധത്തിന്നു, നിങ്ങൾ പാത്രമാകുകയും ചെയ്യും! എൻെറ ഇംഗിതവും ഞാൻ ഊന്നിപ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്ന സംഗതിയും, ഇത്രമാത്രം

കൊണ്ടു സുസ്പഷ്ടമായിരിക്കുമെന്നു വിശ്വസിക്കുന്നു. നിങ്ങളുടെ അവശതകളുടെ നിവാരണാർത്ഥം നിങ്ങൾ ഒററതിരിഞ്ഞോ സംഘടിച്ചോ ചെയ്യുന്ന പരിശ്രമങ്ങളെയൊന്നും ഞാൻ അപലപിക്കുന്നില്ല. അവയെല്ലാം സർവ്വവിജയങ്ങളും ആശംസിച്ചുതന്നെയാണു ഞാനീ ആഹ്വാനവും, അപേക്ഷയും നിങ്ങളുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നതു്. സൽസ്വഭാവവും, സൽബുദ്ധിയുമുള്ള ശിഷ്യന്മാർക്കു ജ്ഞാനോപദേശം ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായതോ, ശ്രേയസ്കരമായതോ ചിത്തശാന്തിക്കു പോന്നതോ ആയ യാതൊരു വൃത്തിയും പ്രവൃത്തിയും ഇല്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. ഇതിനൊക്കെ ഉപരിയായി ഗുരുശിഷ്യബന്ധത്തിൻെറ വിശേഷോത്തര മാതൃകകളെ പൌരാണികകാലം മുതല്ക്കു നിലനിർത്തിപ്പോന്നിട്ടുള്ള വിമോഹനമായ ഒരു പാരമ്പര്യവും ഭാരതത്തിന്നുണ്ടു്.

ഇനിയും ഞാൻ നിങ്ങളെ അക്ഷമരാക്കി വീർപ്പുമുട്ടിക്കുന്നില്ല നിങ്ങൾക്കൊക്കെ മംഗളം ഭവിക്കട്ടെ.

———x———

# അടിസ്ഥാനവിദ്യാഭ്യാസം

(പി. ജി. എം.)

ഗ്രാമീണർക്കു പററിയ തരത്തിലുള്ള ഉപയോഗപ്രദമായ വിദ്യാഭ്യാസമാണു് ഭാരതത്തിന്നു് ആവശ്യം.

"ഫീസ്സിന്നും ബുക്കിന്നും ഡ്രസ്സിന്നും മറവമായ്
ക്ലാസ്സുകേറം തോറം കേറിക്കേറി
വിത്തമനവധി വാരിവഷിച്ചാലേ
വിദ്യാഭ്യാസത്തിൻ ഫലംവിളയൂ" എന്ന മട്ടിലുള്ള "ഉടുപ്പിൽ തുന്നിച്ചേർക്കും" വിദ്യാഭ്യാസം നമുക്കു പററുന്നതല്ല. ചെലവു ജാസ്തിയും ഉപയോഗം കമ്മിയുമായതാണു് നിലവിലുള്ള വിദ്യാഭ്യാസം. കുലത്തൊഴിൽ മറക്കുകയും പട്ടണപ്പകിട്ടുകൾ സ്വീകരിക്കുകയും ചെയ്തു് കുട്ടികൾ വഷളായിത്തീരുന്നു. ഈ അനാശാസ്യമായ നിലയ്ക്കെന്താണു പരിഹാരം? തൊഴിൽ വഴിക്കു വിദ്യാഭ്യാസം നൽകുക:

ഒരു തൊഴിലിനെ കേന്ദ്രീകരിച്ചുവേണം വിദ്യാഭ്യാസമെല്ലാം

നടക്കുന്നതു്. തക്ലിയിൽ നൂൽക്കുന്നതു് പഠിപ്പിക്കുന്നതിനെ അനുബന്ധിച്ച് പല ജാതി പഞ്ഞി, ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങളിലുള്ള പലതരം മണ്ണു്, ഇവിടത്തെ കൈത്തൊഴിലുകൾ നശിക്കുവായിടവന്നതു്, അതിൻെറ രാഷ്ട്രീയകാരണങ്ങൾ, കണക്കു് തുടങ്ങി പല വിഷയങ്ങളും പഠിപ്പിക്കേണ്ടതാണു്. ഇതുപോലെ മററതെങ്കിലും തൊഴിലും സ്വീകരിക്കാം. പക്ഷേ, സാർവ്വത്രികമായ ഉപയോഗയോഗ്യത തക്ലിക്കത്രേ. മാന്യമായ ഒരു തൊഴിൽകൊണ്ടു് ഒരാൾക്കു ഉപജീവിക്കുവാൻ തരപ്പെടണം. അതോടുകൂടി ആയാളുടെ കലാപരമായും സാഹിത്യപരമായും മററുമുള്ള കഴിവുകളും വികസിക്കണം. ഇങ്ങനെ സംപൂർണ്ണമനുഷ്യൻെറ സാക്ഷരത്വത്തെയാണു് ഈ വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നതു്.

ദരിദ്രയായ ഇന്ത്യയ്ക്കു എല്ലാവക്കും വിദ്യാഭ്യാസം നൽകുവാൻ തക്ക പണമില്ല. മദ്യപാനനികുതിയായിരുന്നു അതിനു തുണയുണ്ടായിരുന്നതു്. അതു നിന്നു. കുടിപ്പിച്ചു പഠിപ്പിക്കുകയോ, പഠിപ്പിച്ചു കുടിക്കുകയോ ചെയ്യുന്നതുകൊണ്ടു ഗുണമില്ല. സൈന്യച്ചെലവിനും ഒരു പാടുവേണ്ടിയിരിക്കുന്നു. അതുകൊണ്ടു പരക്കെ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു ധനദൗർല്ലഭ്യം വലിയ തടസ്സമാണു്. എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളമെങ്കിലും ഈടാവത്തക്കവിധം കുട്ടികളുടെ കൈത്തൊഴിൽ പഠനം ഉപയോഗപ്പെടുത്തുന്നതു നന്നായിരിക്കുമെന്നാണു് അഭിപ്രായം. 25 വിദ്യാത്ഥികൾ വീതമുള്ള 7 ക്ലാസ്സുകൾ നടത്തുവാൻ എട്ടോ ഒമ്പതോ അദ്ധ്യാപകന്മാരാവാം. 25ക. വീതം അവരുടെ ശമ്പളം കണക്കാക്കിയുള്ള സംഖ്യ കുട്ടികളുടെ പ്രയത്നഫലമായി ഉണ്ടാവണം. അടിസ്ഥാനവിദ്യാഭ്യാസത്തിലെ ഈ തത്വമാണു കർനവിമർത്തിനു വിധേയമായിട്ടുള്ളതു്.

ശുചീകരണം, ആരോഗ്യം, ആഹാരം പ്രവൃത്തി കുശലത, സഹായ സന്നദ്ധത തുടങ്ങിയ രംഗങ്ങളിലെല്ലാം ആശാവഹമായ അഭിവൃദ്ധിക്കുതകണം കിട്ടുന്ന പഠിപ്പു്. ശുചിത്വദമോ, സ്വയം സഹായബോധമോ, ശാരീരികമായ സ്വാസ്ഥ്യമോ ഇന്നത്തെ വിദ്യാത്ഥികളിൽ മോശമാണു്. രചനാത്മകമായ ശാരീരിക പരിശീലനമാണു ആവശ്യം

സാമ്പത്തികവും സമുദായികവുമായ രംഗങ്ങളിൽ നമുക്കു പല മാററങ്ങളും ആവശ്യമാണു്. സമത്വസുന്ദരമായ ഒരു വ്യവസ്ഥി

തി ഇവിടെ വരുത്തിത്തീർക്കേണ്ടതുണ്ടു്. പക്ഷേ, ഹിംസാപങ്കിലമായ ഒരു മാർഗ്ഗമല്ല നാം പിന്തുടരേണ്ടതു്. അഹിംസയിൽ അധിഷ്ഠിതമായ ഒരു പദ്ധതി വേണം. നമുക്കു അത്തരമൊരു പരിവർത്തനം ഉളവാക്കുവാൻ ഉതകണം നമ്മുടെ വിദ്യാഭ്യാസം. ഉറച്ച സത്സ്വഭാവം സിദ്ധമായാലെ പതച്ചു കൂടാത്ത പുരോഗതി ലഭിക്കൂ.

പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാരുടെ വിരളത, എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്ന തൊഴിലിനോടു് അനുബന്ധിപ്പിക്കുവാനുള്ള പ്രയാസം, സ്വയം പര്യാപ്തത നേടുവാനുള്ള വിഷമം യാന്ത്രികയുഗത്തെ അവഗണിക്കുന്നതുകൊണ്ടുള്ള അപര്യാപ്തത മുതലായ വിലങ്ങുതടികളെ നീക്കം ചെയ്യുവാൻ ഒട്ടല്ല ബുദ്ധിമുട്ടു്. പ്രവൃത്തിക്കുന്നതോടുകൂടി പഠിക്കുക എന്നു വരുമ്പോൾ അപ്പോഴപ്പോൾ തന്നെ ഫലാനുഭവം സിദ്ധിക്കുവാൻ ഇടവരുന്നുണ്ടു്. ഉരുവിട്ടു പഠിച്ചു് ഉത്തരക്കടലാസിലേക്കു പകർത്തുകയെന്ന ദോഷം ഇന്നത്തെ പുസ്തകസ്ഥാപിതമായ വിദ്യാഭ്യാസത്തോളം വരുന്നതല്ല. ഗാന്ധിജി വിഭാവനം ചെയ്ത മാതിരി തന്നെ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ എല്ലാ വശങ്ങളും അതേപടി ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്രായോഗികമാക്കേണ്ടതില്ല. അവനവന്റെ ആവശ്യങ്ങൾ മാത്രം നിവർത്തിക്കുകയെന്നതുകൊണ്ടായില്ല; സമുദായപ്രശ്നങ്ങൾക്കു പരിഹാരം കാണുകകൂടി വേണ്ടിയിരിക്കുന്നു. ഇതിനുള്ള പ്രാപ്തി വിദ്യാഭ്യാസംകൊണ്ടു ലഭിക്കണം. അതിനുള്ള അടിത്തറയുയർത്തണം അടിസ്ഥാനവിദ്യാഭ്യാസം. കാലാനുകൂലമായ പരിഷ്കാരങ്ങൾ ഉൾക്കൊണ്ടു്, ഇന്ത്യയ്ക്കു പറ്റുന്ന ഫലപ്രദമായ വിദ്യാഭ്യാസ പദ്ധതി നടപ്പിൽ വരുത്തുന്നതുകൊണ്ടേ നമുക്കു വേണ്ട ക്ഷേമം കൈവരികയുള്ളുവെന്നതിൽ ആർക്കുണ്ടാവും പക്ഷാന്തരം? വേണ്ടതു കണ്ടറിഞ്ഞു പ്രവർത്തിപ്പാനുള്ള വിവേകം നമുക്കു വേണ്ടുവോളമുണ്ടാകട്ടേ!

—o—

# പുസ്തകാഭിപ്രായം

(1) പുനരുജ്ജീവനം — ഗ്രന്ഥകൎത്താവു് ചാഴൂർ കോവിലകം വലിയ തമ്പുരാൻ ശ്രീ കേരളവൎമ്മ, നളിനിവില്ല, താരേക്കാട്, പാലക്കാട്ടു്. വില എട്ടണ.

പ്രൌഢഗംഭീരങ്ങളായ സംസ്കൃതവൃത്തങ്ങളിൽ കവിത രചിക്കുവാൻ, പാണ്ഡിത്യക്കുറവിനാലോ അനാസ്ഥയാലോ, ഇന്നത്തെ യുവകവികൾ ശ്രമിക്കാതെ അവ പഴഞ്ചനാണെന്നു മുദ്രയടിച്ചു തള്ളി ലളിതകോമളവും സമതാസ്വാദ്യവും ആയ ദ്രാവിഡവൃത്തങ്ങളെക്കടന്നുപിടിച്ചു രാമാനുജ സമ്മാനിതയായ രാവണഭഗിനിയെപ്പോലെ വിരൂപപ്പെടുത്തി പടച്ചുവിടുന്ന കവിതകൾ വായിച്ചു മനസ്സുമടുത്തവൎക്കു തമ്പുരാൻെറ ജീവസ്സോടുകൂടിയ ഈ മണിപ്രവാളകൃതി ഒട്ടധികം ആശ്വാസപ്രദമായിരിക്കും. പണ്ഡിതരാജ കവിരത്നം ശ്രീ ആറ്റൂരിൻെറ അവതാരിക ഈ ഗ്രന്ഥത്തിന്നു ഒരു തിലകമായി പ്രശോഭിക്കുന്നുണ്ടു്.

(2) തങ്കം — ഗ്രന്ഥകൎത്താവു്, ശ്രീ എ. വി. ശങ്കരൻ.

വില 1—0—0

ഗ്രന്ഥകൎത്താവു വിശ്രമവേളയിൽ അപ്പോഴപ്പോൾ എഴുതിയ പത്തു ചെറുകവിതകളുടെ സമാഹാരമാണു് തങ്കം. തങ്കത്തെയുംകൊണ്ടാണു് ഗ്രന്ഥകൎത്താവു് ഇദംപ്രഥമമായി തിരശ്ശീല നീക്കി സാഹിത്യവേദിയിൽ പ്രവേശിക്കുന്നതു്. തങ്കം ആകൃതിയിലും പ്രകൃതിയിലും സരസകോമളയായിത്തന്നെ ഇരിക്കുന്നതുകൊണ്ടു പിതാവിന്നു നല്ല ചാരിതാൎത്ഥ്യത്തിന്നവകാശമുണ്ടു്. വാസനാസമ്പന്നനായ ഈ യുവകവിക്കു ഭാവിയിൽ സമുന്നതമായ ഒരു സ്ഥാനം നേടുവാൻ കഴിയും എന്നു ഈ പ്രഥമ കൃതിതന്നെ വിളിച്ചുപറയുന്നുണ്ടു്.

പണ്ഡിതവൎയ്യൻ ശ്രീ ദേശമംഗലം രാമവാരിയരുടെ അനുമോദനപൂൎവ്വമായ അവതാരിക ഈ കൃതി വായിക്കുന്നവൎക്കു് ഒട്ടും അതിശയോക്തിയായി തോന്നുകയില്ല.

# സ്കൂൾ കുറിപ്പുകൾ*

## Kollangode R. H. S. and R. T. S.

മേല്പടി സ്കൂളുകളുടെ സംയുക്താഭിമുഖ്യത്തിൽ 16 9-53 ബുധനാഴ്ച വൈകുന്നേരം നാലുമണിക്ക് പണ്ഡിതർ പി. ഗോപാലൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ പുത്തേഴത്തു രാമമേനോൻ ചെയ്ത പ്രസംഗം പ്രൌഢവും അത്യന്തം ശ്രദ്ധേയവുമായിരുന്നു. അദ്ധ്യാപകാദ്ധ്യേതാക്കൾ അവശ്യം അറിഞ്ഞിരിക്കേണ്ട അനവധി സംഗതികൾ പ്രാസംഗികന്റെ സ്വതസിദ്ധമായ സരസഭാഷയിൽ പ്രവഹിച്ചതു് ഇന്നത്തെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും അനുസരിക്കുകയാണെങ്കിൽ ആയതു വിദ്യാർത്ഥിലോകത്തിന്റെ നന്മയ്ക്കും ഭാവിശ്രേയസ്സിന്നും ഒരനുഗ്രഹമായിരിക്കും. വിദ്യാർത്ഥികളുടെ നന്മയിൽ സദാ ജാഗരൂകനായ ഹെഡ്മാസ്റ്റർ ശ്രീ. പി. ആർ. സുബ്രഹ്മണ്യയ്യർ സന്ദർഭാനുസൃതം സ്കൂളിൽവെച്ചു് ഇത്തരം പൊതുയോഗങ്ങൾ കൂട്ടുന്നതു പ്രശംസാർഹമാണ്.

## Koduvayur H. E. T: School

മേല്പടി ട്രെയിനിങ്ങ് സ്കൂളിനുവേണ്ടി പുതിയതായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഉൽഘാടനം 28-9-53 തിങ്കളാഴ്ച പകൽ 10 മണിക്കു സാഹിത്യകുശലൻ ശ്രീ. പുത്തേഴത്തു രാമമേനോന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു മഹനീയ സദസ്സിൽവെച്ചു് ആറാം സർക്കിൾ സ്കൂൾ ഇൻസ്പെക്ടസ്സ് ശ്രീമതി കമലാഭായി ലോകനാഥൻ നിർവ്വഹിച്ചിരിക്കുന്നു.

അദ്ധ്യക്ഷന്റെ സരസമായ ഉപസംഹാരപ്രസംഗം സർവ്വരേയും ആഹ്ലാദഭരിതരാക്കി. ഇൻസ്പെക്ടസ്സിന്റെ പ്രസംഗം ചെറുതെങ്കിലും സന്ദർഭോചിതവും സാരസമ്പൂർണ്ണവും ആയിട്ടുള്ളതാണ്. ചെറുബാലികമാരുടെ ഹൃദയാവർജ്ജകമായ കലാപ്രകടനത്തിനുശേഷം ദേശീയഗാനത്തോടുകൂടി സദസ്സു അവസാനിച്ചു.

---

* ഈ പ്രസ്ഥാനത്തെ വിജയപ്രദമാക്കുവാൻ എല്ലാ സ്കൂൾകാരോടും അഭ്യർത്ഥിക്കുന്നു.